2026 SEPTEMBER 13

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122






# 9/11 ഓർമ്മകൾക്ക് 25; അമേരിക്ക ഇന്നും വിതുമ്പുന്നു

ഗീവറുഗീസ് ചാക്കോ

ന്യൂയോർക്ക്: കാൽ നൂറ്റാണ്ട് മുമ്പ്, 2001-ൽ, അമേരിക്കൻ മണ്ണിൽ നടന്ന ഭീകരാക്രമണത്തിന്റെ നടുക്കുന്ന ഓർമ്മകൾ ഉണർത്തുന്ന സെപ്തംബർ പതിനൊന്ന് അമേരിക്കൻ ജനത ഒരിക്കൽ കൂടി അനുസ്മരിച്ചു. 25 വർഷങ്ങൾക്ക് ശേഷം ഇന്നും അമേരിക്ക ആ ഓർമ്മകളിൽ വിതുമ്പുകയാണ്. വേൾഡ് ട്രേഡ് സെന്ററിലെ ഇരട്ട ഗോപുരങ്ങൾ സ്ഥിതി ചെയ്തിരുന്ന ന്യൂയോർക്കിലെ ഗ്രൗണ്ട് സീറോയിൽ നടന്ന ചടങ്ങിൽ പങ്കെടുത്തവരുടെ വാക്കുകളിൽ അത് പ്രകടമായിരുന്നു. ഭീകരാക്രമണത്തിൽ മരണമടഞ്ഞവരുടെ ബന്ധുക്കളടക്കം ആയിരങ്ങൾ ലോവർ മൻഹാട്ടനിലെ ചടങ്ങിൽ പങ്കെടുത്തിരുന്നു.

ന്യൂയോർക്കിനെ കൂടാതെ പെന്റഗണിലും, പെൻസിൽ



**2001–ൽ അൽക്വയ്ദ ഭീകരർ നാല് വിമാനങ്ങൾ റാഞ്ചിയാണ് ഭീകരാക്രമണം നടത്തിയത്. പതിനഞ്ച് മിനിറ്റ് വ്യത്യാസത്തിൽ രണ്ട് വിമാനങ്ങൾ ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്ററിലെ ഇരട്ട ഗോപുരങ്ങൾ തകർത്തപ്പോൾ മറ്റൊരു വിമാനം സൈനിക ആസ്ഥാനമായ പെന്റഗണിലാണ് ഇടിച്ചിറക്കിയത്. നാലാമത്തെ വിമാനം ഭീകരരും യാത്രക്കാരും തമ്മിലുള്ള സംഘർഷത്തെ തുടർന്ന് പെൻസിൽവേനിയയിലെ പാടത്ത് തകർന്നു വീണു.**

വേനിയയിലെ ഷങ്ക്സ്വിലിയിലും അനുസ്മരണ ചടങ്ങുകൾ സംഘടിപ്പിച്ചിരുന്നു. പ്രസിഡന്റ് ഡോണൾഡ് ട്രംപ് പെന്റഗണിലെ ചടങ്ങിൽ പങ്കെടുത്തപ്പോൾ വൈസ് പ്രസിഡന്റ് ജെ. ഡി. വാൻസ് ന്യൂയോർക്കിലെ ചടങ്ങിൽ പങ്കെടുത്തു. ഇപ്പോൾ ജീവിച്ചിരിക്കുന്ന മുൻ പ്രസിഡന്റുമാരായ ജോർജ്ജ് ഡബ്ല്യു. ബുഷ്, ബിൽ ക്ലിന്റൺ, ബറാക്ക് ഒബാമ, ജോ ബൈഡൻ എന്നിവരും ന്യൂയോർക്ക്, ന്യൂജേഴ്സി, കണക്റ്റിക്കട്ട് എന്നീ സംസ്ഥാനങ്ങളിലെ ഗവർണ്ണർമാരും വിശിഷ്ട വ്യക്തികളും ഗ്രൗണ്ട് സീറോയിലുണ്ടായിരുന്നു.

രാവിലെ 8:46, 9:03 തുടങ്ങി ഇത്തവണ ഏഴുതവണ ചടങ്ങിൽ മൗനം ആചരിച്ചിരുന്നു മരണമടഞ്ഞവരുടെ പേരുകൾ ബന്ധുമിത്രാദികൾ വായിച്ചു. മരണമടഞ്ഞവരെ ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത കുട്ടികളും പേരുകൾ വായിച്ചവരുടെ കൂട്ടത്തിലുണ്ടായിരുന്നു.

2001-ൽ അൽക്വയ്ദ ഭീകരർ നാല് വിമാനങ്ങൾ റാഞ്ചിയാണ് ഭീകരാക്രമണം നടത്തിയത്. പതിനഞ്ച് മിനിറ്റ് വ്യത്യാസത്തിൽ രണ്ട് വിമാനങ്ങൾ ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്ററിലെ ഇരട്ട ഗോപുരങ്ങൾ തകർത്തപ്പോൾ മറ്റൊരു വിമാനം സൈനിക ആസ്ഥാനമായ പെന്റഗണിലാണ് ഇടിച്ചിറക്കിയത്. നാലാമത്തെ വിമാനം ഭീകരരും യാത്രക്കാരും തമ്മിലുള്ള സംഘർഷത്തെ തുടർന്ന് പെൻസിൽവേനിയയിലെ പാടത്ത് തകർന്നു വീണു.



2977 പേർക്കാണ് അന്ന് ജീവൻ നഷ്ടപ്പെട്ടത്. ഭീകരാക്രമണത്തിന്റെ വാർഷികദിനത്തിൽ ശക്തമായ സുരക്ഷാ സംവിധാനം രാജ്യത്തുടനീളം ഒരുക്കിയിരുന്നു.

വേൾഡ് ട്രേയ്ഡ് സെന്ററിന്റെ ഇരട്ട ഗോപുരങ്ങൾ തകർത്ത അൽ ഖൈദ ആക്രമണത്തിൽ മരിച്ചവരുടെ പേരുകൾ അവരുടെ ബന്ധുക്കൾ വായിച്ചപ്പോൾ നേർത്ത ഹൃദ്യമായ സംഗീതം പശ്ചാത്തലത്തിൽ ഒഴുകി.

ഫയർ എഞ്ചിനുകളിലെ

പോലുള്ള ബെൽ അടിച്ചു കൊണ്ടാണ് ചടങ്ങുകൾ ആരംഭിച്ചത്. ഒരു മിനിറ്റ് മൗനാചരണവും ഉണ്ടായിരുന്നു.

അക്രമം നടക്കുമ്പോൾ പ്രസിഡന്റായിരുന്ന ജോർജ് ബുഷിന്റെ പിൻഗാമിയായി വന്ന ഒബാമ പിന്നീട് പാക്കിസ്ഥാനിൽ ഒളിവിൽ കഴിഞ്ഞിരുന്ന ഒസാമ ബിൻ ലാദനെ വധിച്ച സൈനിക നടപടിക്കു മുൻകൈയെടുത്തത് ചരിത്രമാണ്.

ആക്രമണത്തിൽ മരിച്ച അൻപതോളം ഇന്ത്യൻ വംശജരിൽ സുശീൽ സോളങ്കിയുടെ അനന്തരവനും ദീപ



പക്കാലയുടെ മകളും ഉണ്ടായിരുന്നു. മരിച്ച പ്രിയപ്പെട്ടവരുടെ പേരുകൾ വായിക്കാൻ അവരും എത്തി.

ഗവർണർ കാത്തി ഹോക്കലിനൊപ്പം ന്യൂ യോർക്ക് മേയർ സോഹ്രാൻ മാംദാനിയും ചടങ്ങിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ സാന്നിധ്യം എതിർത്ത മുൻ മേയർ റൂഡി ജൂലിയാനിയും എത്തിയിരുന്നു.



വാർഷികത്തിനു മുന്നോടിയായി മാംദാനി പുറത്തുവിട്ട രേഖകളിൽ അന്നത്തെ അധികൃതർക്കു ന്യൂ യോർക്കിൽ ഉണ്ടാവുന്ന ആരോഗ്യ പ്രശ്നങ്ങൾ അറിയാമായിരുന്നു എന്നു തെളിഞ്ഞു. വേൾഡ് ട്രേയ്ഡ് സെന്ററിൽ രക്ഷാ പ്രവർത്തനം നടത്തിയവർ, ശുചീകരണത്തിൽ ഏർപ്പെട്ടവർ, പരിസര വാസികൾ എന്നിങ്ങനെ 57,000 പേർക്കു പിന്നീട് ക്യാൻസർ ബാധിച്ചിരുന്നു.

അതേ സമയം, ആക്രമണ സാധ്യതയെ കുറിച്ചു ബിൽ ക്ലിന്റണും ബുഷിനും ഇന്റലിൻജസ് താക്കീതു ലഭിച്ചിരുന്നുവെന്നു ട്രംപ് ഭരണകൂടം പുറത്തുവിട്ട രഹസ്യ രേഖകളിൽ കാണുന്നു. ആക്രമണം തടയാൻ നടപടികൾ ഉണ്ടായില്ലെന്നാണ് ആക്ഷേപം.


450+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
THE RESPONSIBLE JEWELLER™
A Legacy Built on Trust.
A Responsibility We Uphold.



# 9/11 ഞങ്ങൾ കണ്ടു, അനുഭവിച്ചു, ഇന്നും ഓർക്കുന്നു.

**Sibi David**
New York

ഇയ്യിടെ വീണ്ടും ന്യൂയോർക്ക് സിറ്റിയിലെ 9/11 മെമ്മോറിയലും മ്യൂസിയവും സന്ദർശിച്ചു. അവിടെയുള്ള നിശ്ശബ്ദതയ്ക്കുപോലും എന്തോ പറയാനുണ്ടെന്ന് തോന്നുന്ന ഒരു സ്ഥലം.

ഒരു രീതിയിൽ പറഞ്ഞാൽ, ഈ പുണ്യസ്മാരകം എന്റെ ദൈനംദിന ജീവിതത്തിന്റെ തന്നെ ഒരു ഭാഗമായി മാറിയിരിക്കുന്നു. എന്റെ ഓഫീസ് ഇവിടെ നിന്ന് വെറും രണ്ട് ബ്ലോക്ക് അകലെയാണ്. ജോലിദിവസങ്ങളിൽ മിക്കവാറും എല്ലാ ദിവസവും ഞാൻ 9/11 മെമ്മോറിയൽ പാർക്കിലൂടെ നടക്കാറുണ്ട്. എങ്കിലും, ഇത്രയും വർഷങ്ങൾ കഴിഞ്ഞിട്ടും, അനവധി തവണ ഇവിടെ കൂടി നടന്നിട്ടും, ഇതിനെ ന്യൂയോർക്ക് നഗരത്തിലെ മറ്റൊരു സാധാരണ പാർക്കായി കാണാൻ എനിക്ക് കഴിയുന്നില്ല.

റിഫ്ലക്ടിംഗ് പൂളുകളുടെ അരികിലൂടെ നടക്കുമ്പോഴും, ജീവൻ നഷ്ടപ്പെട്ടവരുടെ പേരുകൾ വായിക്കുമ്പോഴും, ഇവിടെ സംഭവിച്ചതെന്തെന്ന് വീണ്ടും ഓർമ്മ വരുന്നു. ഒരു സാധാരണ പ്രഭാതത്തിൽ ജോലി ചെയ്യാനായി വീട്ടിൽ നിന്ന് പുറപ്പെട്ട ആയിരക്കണക്കിന് ആളുകൾ പിന്നെ ഒരിക്കലും വീട്ടിലേക്ക് മടങ്ങിയെത്തിയില്ല എന്ന സത്യം മനസ്സിൽ നിറയുന്നു.

മ്യൂസിയത്തിനുള്ളിലൂടെ നടക്കുമ്പോൾ, ആ ഭീകരദിനത്തിന്റെ ശേഷിപ്പുകൾ നേരിൽ കാണുമ്പോൾ, ആ ഓർമ്മകൾ കൂടുതൽ ശക്തമായി മനസ്സിൽ പതിയുന്നു. വളഞ്ഞുമുറിഞ്ഞ ഓരോ ഇരുമ്പുതുണ്ടിനും, ഓരോ ചിത്രത്തിനും, ഓരോ സ്വകാര്യ വസ്തുവിനും പിന്നിൽ ഒരു മനുഷ്യകഥ




യുണ്ട് ഒരു ജീവിതം, ഒരു കുടുംബം, എന്നെന്നേക്കുമായി മാറിപ്പോയ ഒരു ഭാവി.

വൈരവും തീവ്രവാദവും മനുഷ്യസ്നേഹത്തെയും മനുഷ്യജീവിതത്തോടുള്ള ബഹുമാനത്തെയും കീഴടക്കുമ്പോൾ മനുഷ്യൻ എത്ര ഭീകരമായ ക്രൂരതയ്ക്കും മടിക്കില്ല എന്നതിന്റെ ഓർമ്മപ്പെടുത്തലാണ് സെപ്റ്റംബർ 11.

അന്നേ ദിവസം ഏകദേശം 3,000 നിരപരാധികളാണ് കൊല്ലപ്പെട്ടത്. ഒരു ആശയധാരയ്ക്കും, മതത്തിനും, രാഷ്ട്രീയലക്ഷ്യത്തിനും നിരപരാധികളുടെ മനപ്പൂർവമായ കൊലപാതകത്തെ ന്യായീകരിക്കാനാവില്ല.

എന്നാൽ ഇന്ന്, ആക്രമണത്തിന് 25 വർഷങ്ങൾ പിന്നിടുമ്പോഴും, നമ്മൾ മറ്റൊരു ആശങ്കാജനകമായ യാഥാർഥ്യത്തെ നേരിടുകയാണ്. 9/11നെക്കുറിച്ചുള്ള ഗൂഢാലോചനാസിദ്ധാന്തങ്ങളും രാഷ്ട്രീയ അജണ്ടകളും തെറ്റായ വിവരങ്ങളും ഇന്നും പ്രചരിച്ചുകൊണ്ടിരിക്കുന്നു പ്രത്യേകിച്ച് സോഷ്യൽ മീഡിയയിലൂടെ, അന്നത്തെ ദിവസം നേരിൽ ഓർക്കാൻ പ്രായമില്ലാത്ത തലമുറകളിലേക്ക്.

അടുത്തിടെ ഞാൻ ഒരു യുവാവുമായി സംസാരിക്കുകയുണ്ടായി. 9/11 ആക്രമണം അമേരിക്കൻ സർക്കാർ തന്നെ ആസൂത്രണം ചെയ്ത് നടത്തിയതാണെന്ന് അവൻ ശക്തമായി വാദിച്ചു.

അവൻ ഉന്നയിച്ച ചില വാദങ്ങൾ ഇങ്ങനെയായിരുന്നു:

* അന്ന് മൊബൈൽ ഫോണുകൾ ഉണ്ടായിരുന്നില്ല. പിന്നെ എങ്ങനെ വിമാനത്തിൽ നിന്ന് ഫോൺ ചെയ്യാനായി?

* വേൾഡ് ട്രേഡ് സെന്ററിന്റെ ഉടമയ്ക്ക് വൻ നികുതിഭാരം ഉണ്ടായിരുന്നു. അത് അടയ്ക്കാൻ കഴിയാത്തതിനാൽ കെട്ടിടങ്ങൾ നശിപ്പിക്കാൻ തീരുമാനിച്ചു.

ഈ വാദങ്ങൾ കേട്ടപ്പോൾ എനിക്ക് കുറച്ചുനേരം മൗനം പാലിക്കാനേ കഴിഞ്ഞുള്ളൂ.

ഒരു തെറ്റായ വിവരം വീണ്ടും വീണ്ടും ആവർത്തിക്കപ്പെടുകയും, വളരെ






ആത്മവിശ്വാസത്തോടെ അവതരിപ്പിക്കപ്പെടുകയും ചെയ്താൽ, സംഭവങ്ങൾ നേരിട്ട് അനുഭവിച്ചിട്ടില്ലാത്തവർ അതിനെ ചരിത്രസത്യമായി സ്വീകരിക്കുന്ന അവസ്ഥയിലേക്ക് എങ്ങനെ എത്തുന്നു എന്ന് ഞാൻ ചിന്തിച്ചു.

2001-ൽ മൊബൈൽ ഫോണുകൾ നിലവിലുണ്ടായിരുന്നു. ഹൈജാക്ക് ചെയ്യപ്പെട്ട വിമാനങ്ങളിൽ നിന്നുള്ള ചില ഫോൺ ബന്ധങ്ങൾ സീറ്റിനോടനുബന്ധിച്ചിരുന്ന അശ്യളീല സംവിധാനത്തിലൂടെയായിരുന്നു; ചിലത് മൊബൈൽ ഫോണുകളിലൂടെയും നടന്നു. വേൾഡ് ട്രേഡ് സെന്ററിന്റെ ഉടമ നികുതിഭാരം ഒഴിവാക്കാനായി കെട്ടിടങ്ങൾ നശിപ്പിച്ചു എന്ന വാദത്തിന് വിശ്വസനീയമായ തെളിവുകളില്ല.

തീർച്ചയായും, ഓരോ തലമുറയ്ക്കും ചരിത്രത്തെയും സർക്കാരിനെയും സ്ഥാപിതമായ വിശദീകരണങ്ങളെയും ചോദ്യം ചെയ്യാനുള്ള അവകാശമുണ്ട്. ചോദ്യം ചെയ്യുന്നത് ആരോഗ്യകരമാണ്. എന്നാൽ ചോദ്യം ചെയ്യുന്നതും ഓരോ ഗൂഢാലോചനാസിദ്ധാന്തത്തെയും സത്യമായി ഏറ്റെടുക്കുന്നതും ഒരേ കാര്യമല്ല. യഥാർത്ഥ വിമർശനാത്മക ചിന്ത തെളിവുകളെ ആശ്രയിച്ചിരിക്കണം.


ഇന്നത്തെ പല യുവാക്കൾക്കും സെപ്റ്റംബർ 11 എന്നത് ഡോക്യുമെന്ററികളിലൂടെയോ സോഷ്യൽ മീഡിയയിലൂടെയോ രാഷ്ട്രീയവിവരണങ്ങളിലൂടെയോ മറ്റുള്ളവരുടെ കഥകളിലൂടെയോ മാത്രം അറിയുന്ന ഒരു ചരിത്രസംഭവമായിരിക്കാം. പക്ഷേ, അന്ന് ഇവിടെ ഉണ്ടായിരുന്ന ഞങ്ങൾക്ക് അത് അങ്ങനെയല്ല.

ഞങ്ങൾ അത് കണ്ടു, അനുഭവിച്ചു. അതിന്റെ ശേഷിപ്പുകളിലൂടെ ഞങ്ങൾ ജീവിച്ചു.

ആ ഭയം ഞങ്ങൾ ഓർക്കുന്നു. ആ പുക ഞങ്ങൾ ഓർക്കുന്നു.

കാണാതായവരുടെ ചിത്രങ്ങൾ ഞങ്ങൾ ഓർക്കുന്നു. ദുഃഖത്തിൽ തകർന്ന കുടുംബങ്ങളെ ഞങ്ങൾ ഓർക്കുന്നു. ചിന്തിക്കാൻ പോലും കഴിയാത്ത ഒരു ദുരന്തത്തെ മനസ്സിലാക്കാൻ ശ്രമിച്ച ന്യൂയോർക്ക് നഗരത്തെ ഞങ്ങൾ ഓർക്കുന്നു.









ഇന്നും, ജോലിദിവസങ്ങളിൽ മിക്കവാറും എല്ലാ ദിവസവും, ആ ചരിത്രം ഓർമ്മിക്കപ്പെടുന്ന അതേ മണ്ണിലൂടെ ഞാൻ നടക്കുന്നു.

അതുകൊണ്ടാണ് 9/11 മെമ്മോറിയൽ എനിക്ക് വെറും ഒരു സ്മാരകമല്ലാത്തത്.

അത് ഒരു സാക്ഷിയാണ്.

ഇരുപത്തഞ്ച് വർഷങ്ങൾക്കുശേഷവും, അന്ന് ജീവൻ നഷ്ടപ്പെട്ടവരെ ഓർക്കുക എന്നത് അവരുടെ ഓർമ്മകളെ മാത്രം ആദരിക്കുക എന്നല്ല. സംഭവിച്ച സത്യത്തെ പ്രചാരണം, രാഷ്ട്രീയ അജണ്ട, തെറ്റായ വിവരങ്ങൾ എന്നിവ കൊണ്ട് വളച്ചൊടിക്കപ്പെടാതിരിക്കാൻ സംരക്ഷിക്കുക എന്നതുമാണ്.



അഭിപ്രായങ്ങൾ മാറാം.

രാഷ്ട്രീയ വിവരണങ്ങൾ മാറാം.

സോഷ്യൽ മീഡിയയിലെ കഥകൾ വരികയും പോകുകയും ചെയ്യാം.

പക്ഷേ, ഒരു ഗൂഢാലോചനാസിദ്ധാന്തത്തിന് അനുയോജ്യമാകാൻ ചരിത്രത്തെ ഇഷ്ടാനുസരണം തിരുത്താനാവില്ല.

അന്ന് വീട്ടിലേക്ക് മടങ്ങിയെത്താൻ കഴിയാതിരുന്നവരോടും, വരും തലമുറകളോടും നമുക്ക് ഒരു കടമയുണ്ട്

അവരുടെ ഓർമ്മകൾ കാത്തുസൂക്ഷിക്കുക, അവരുടെ ജീവിതങ്ങളെ ആദരിക്കുക, സംഭവിച്ച സത്യത്തെ സംരക്ഷിക്കുക.

ഒരിക്കലും മറക്കില്ല..മറക്കരുത്.

# അനില ബേബി കൊലപാതകം നടത്തിയത് ആസൂത്രിതമായി

## ജാമ്യം അനുവദിക്കതുതെന്ന് പ്രോസിക്യൂഷൻ



സാന്റാ ക്ലാര: മലയാളി സമൂഹത്തെ ആകമാനം ഞെട്ടിച്ച മലയാളി വനിതകളുടെ ഇരട്ടക്കൊലപാതകം സംബന്ധിച്ച് അനില ബേബിക്കെതിരെ രണ്ട് കൊലക്കുറ്റങ്ങൾ ചുമത്തി ഫസ്റ്റ് അമെൻഡഡ് ഫെലണി കംപ്ലെയ്ന്റ് ആണ് സമർപ്പിച്ചത്. 2026 സെപ്റ്റംബർ 10-ന് സാന്റാ ക്ലാര കൗണ്ടി സുപ്പീരിയർ കോടതിയിലെ ഹാൾ ഓഫ് ജസ്റ്റിസിൽ സമർപ്പിച്ച കോടതി രേഖയിലാണ് അനില ബേബിക്കെതിരെ ഗുരുതരമായ വകുപ്പുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്.

കോടതി രേഖ പ്രകാരം 2026 ഓഗസ്റ്റ് 28-ന് സാന്റാ ക്ലാര കൗണ്ടിയിൽ അനില ബേബി രണ്ട് കൊലപാതകങ്ങൾ നടത്തിയെന്നാണ് പ്രോസിക്യൂഷന്റെ ആരോപണം. അഞ്ജന ഹരിയാണ് ഒന്നാം കേസിലെ ഇരയും ആൻ മേരി മാത്യു രണ്ടാം കേസിലെ ഇരയുമാണ്. ഇരുവരെയും അനില ബേബി നിയമവിരുദ്ധമായും മുൻകൂട്ടിയുള്ള ദുരുദ്ദേശത്തോടെയും കൊലപ്പെടുത്തിയെന്നാണ് കുറ്റപത്രത്തിൽ ആരോപിക്കുന്നത്.

ഒന്നാം കൗണ്ടിൽ അഞ്ജന ഹരിയുടെ കൊലപാതകവും രണ്ടാം കൗണ്ടിൽ ആൻ മേരി മാത്യുവിന്റെ കൊലപാതകവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇരു കേസുകളും കാലിഫോർണിയ പെനൽ കോഡ് സെക്ഷൻ 187(എ) പ്രകാരമുള്ള കൊലക്കുറ്റങ്ങളാണ്. കുറ്റകൃത്യത്തിനായി അനില ബേബി കത്തി ഉപയോഗിച്ചുവെന്നും പ്രോസിക്യൂഷൻ പ്രത്യേകം ആരോപിച്ചിട്ടുണ്ട്. പെനൽ കോഡ് സെക്ഷൻ 12022(ബി)(1) പ്രകാരമുള്ള ആയുധ ഉപയോഗ ആരോപണമാണിത്. ഇതിന് ഒരു വർഷത്തെ അധിക ശിക്ഷാ പ്രത്യാഘാതം ഉണ്ടായേക്കാമെന്ന് കേസ് സമ്മറി രേഖ വ്യക്തമാക്കുന്നു. കൂടാതെ, കേസിന്റെ സ്വഭാവം കണക്കിലെടുത്ത് അനിലയ്ക്ക് പ്രൊബേഷൻ അനുവദിക്കരുതെന്നും പ്രോസിക്യൂഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

കൊലപാതകങ്ങൾ നടത്തുന്നതിനിടെ അനില ബേബിക്ക് പരിക്കേറ്റുവെന്നും ക്രൂരവും നിർദയവുമായ നടപടികളും ഉണ്ടായതായും പ്രോസിക്യൂഷൻ ആരോപിക്കുന്നു. California Rules of Court Section 4.421(a)(1)

പ്രകാരമാണ് ഈ ഗുരുതര സാഹചര്യങ്ങൾ കുറ്റപത്രത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നത്. അതോടൊപ്പം, കുറ്റകൃത്യങ്ങൾ നടന്ന സമയത്ത് പ്രതി ആയുധം കൈവശം വയ്ക്കുകയോ ഉപയോഗിക്കുകയോ ചെയ്തിരുന്നുവെന്നും Section 4.421(a)(2) പ്രകാരം ആരോപണമുണ്ട്.

ആൻ മേരി മാത്യുവിനെതിരായ കൗണ്ട് 2-ന്റെ ഭാഗമായി, കുറ്റകൃത്യം നടന്ന രീതി മുൻകൂട്ടിയുള്ള ആസൂത്രണം, സങ്കീർണ്ണമായ തയ്യാറെടുപ്പ്, പ്രൊഫഷണൽ രീതിയിലുള്ള നിർവഹണം എന്നിവ സൂചിപ്പിക്കുന്നതായും പ്രോസിക്യൂഷൻ ആരോപിച്ചിട്ടുണ്ട്.California Rules of Court Section 4.421(a)(8 ആണ് ഇതിനായി ചൂണ്ടിക്കാട്ടുന്നത്.

അതേസമയം, രണ്ട് കൊലപാതകങ്ങളും തമ്മിൽ ബന്ധമുണ്ടെന്ന നിഗമനത്തിലേക്ക് അന്വേഷണ ഉദ്യോഗസ്ഥർ എത്തിയത് രക്തം, ഡി.എൻ.എ, മറ്റ് ഭൗതിക തെളിവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണെന്നാണ് നേരത്തെ പുറത്തുവന്ന അന്വേഷണ വിവരങ്ങൾ വ്യക്തമാക്കുന്നത്. ആൻ മേരി മാത്യുവിന്റെ മൊബൈൽ ഫോൺ അനിലയുടെ വാഹനത്തിൽ നിന്ന് കണ്ടെത്തിയതും അന്വേഷണത്തിൽ പ്രധാന തെളിവായി മാറിയിരുന്നു.



വീട്ടിൽ ആൻ മേരി മാത്യുവിനെ മരിച്ച നിലയിൽ കണ്ടെത്തിയപ്പോൾ കഴുത്തുഞെരിച്ചതിന്റെയും തലയിലും മുഖത്തുമേറ്റ പരിക്കുകളുടെയും മുറിവുകളുടെയും അടയാളങ്ങൾ കണ്ടെത്തിയിരുന്നു. അതേസമയം, മിൽപിറ്റസിൽ അഞ്ജന ഹരി വാഹനമിടിച്ച് മരിച്ച സംഭവത്തിലാണ് അനില ബേബിയെ ആദ്യം പൊലീസ് കസ്റ്റഡിയിലെടുത്തത്. കുറ്റപത്രത്തിൽ ചുമത്തിയിരിക്കുന്ന ഫെലണി കുറ്റങ്ങളിൽ പ്രതി കുറ്റക്കാരിയെന്ന് വിധിക്കപ്പെടുകയോ കുറ്റം സമ്മതിക്കുകയോ no contest plea നൽകുകയോ ചെയ്താൽ, കാലിഫോർണിയ നിയമപ്രകാരം ഡി.എൻ.എയും ഫോറൻസിക് തിരിച്ചറിയലുമായി ബന്ധപ്പെട്ട സാമ്പിളുകളും വിരലടയാളങ്ങളും നൽകേണ്ടതുണ്ട്.



അനില ബേബിക്കെതിരായ കേസിൽ അന്വേഷണം തുടരുകയാണെന്നും കുറ്റപത്രത്തോടൊപ്പം അലേഷണ ഏജൻസികളുടെ ഔദ്യോഗിക റിപ്പോർട്ടുകളും രേഖകളും ചേർത്തിട്ടുണ്ടെന്നും കോടതി രേഖ വ്യക്തമാക്കുന്നു. ഇവ പ്രതിക്കെതിരെ പ്രീട്രയൽ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ probable cause സ്ഥാപിക്കുന്നുവെന്നാണ് പരാതിക്കാരനായ പ്രോസിക്യൂഷന്റെ നിലപാട്. കേസിലെ ആരോപണങ്ങൾ തെളിയിക്കപ്പെടേണ്ടതുണ്ട്.




# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States NY, NJ, PA, & CT.**

StateFarm®

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL


1601489

പുസ്തക പരിചയം - 37

# അളിയന്റെ പടവലങ്ങ
## (ഹാസ്യസാഹിത്യം) ജോസ് ചെരിപുറം



ബാജി ഓടംവേലി, ഡാലസ്




മർമ്മത്ത് കൊള്ളുന്ന നർമ്മം കേൾക്കുവാനും ആസ്വദിക്കുവാനും ആർക്കാണ് താത്പര്യം ഇല്ലാത്തത്. അവസരോചിതവും അർത്ഥവത്തുമായ നർമ്മം ചിരിക്കുവാനും ചിന്തിക്കുവാനും ഉതകുന്നതാണ്. ഇതിലെ നർമ്മങ്ങളൊക്കെ ഏത് അർത്ഥത്തിലും ഉന്നത നിലവാരം പുലർത്തുന്നവയാണ്.

മനോഹരങ്ങളായ കഥകളിലൂടെയും കവിതകളിലൂടെയും മലയാളികളെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തിട്ടുള്ള ജോസ് ചെരിപുറം അമേരിക്കൻ മലയാളികൾക്ക് സുപരിചിതനാണ്. അധികമാരും കൈവയ്ക്കാൻ ധൈര്യപ്പെടാത്ത ഹാസ്യസാഹിത്യത്തിലും ജോസ് തന്റെ നൈപുണ്യം തെളിയിച്ചിരിക്കുന്നു. അതിന്റെ വ്യക്തമായ തെളിവാണ് ഈ സമാഹാരം.

നാം ജീവിക്കുന്ന സമൂഹത്തിൽ നമുക്കു ചുറ്റും ദിനം തോറും നടക്കുന്ന സംഭവങ്ങളിലുള്ള ഹാസ്യത്തിന്റെ അംശം കണ്ടെത്തി, അത് അല്പം അതിശയോക്തി കലർത്തി നർമ്മ

മധുരമായ ഭാഷയിൽ അവതരിപ്പിക്കുകയാണ് ഹാസ്യസാഹിത്യകാരന്മാർ ചെയ്യുന്നത്. വായനക്കാർക്ക് പരിചിതമായ മേഖല ആയതുകൊണ്ട് അയാൾക്ക് ചിരിച്ചുകൊണ്ടുതന്നെ, വിഷയവുമായി വേഗത്തിൽ പൊരുത്തപ്പെടാൻ കഴിയുന്നു.


മണ്ടത്തരങ്ങളിൽ, പരാജയങ്ങളിൽ, തിരിച്ചടികളിൽ എന്നു വേണ്ട ജീവിതത്തിൽ മനുഷ്യൻ കോപിക്കുകയോ, കരയുകയോ ദുഃഖിക്കുകയോ, നിരാശപ്പെടുകയോ ചെയ്യുന്ന പല സന്ദർഭങ്ങളിലും നർമ്മം കണ്ടെത്തി ചിരിപ്പിക്കാൻ വക നൽകാനുള്ള കഴിവ് നൈസർഗികമാണ്, ഒരു സിദ്ധിയാണ്. നിർമ്മലമായ ഒരു മനസ്സുവേണം കരച്ചിലിലും ചിരി കണ്ടെത്താൻ. ആ നിർമ്മലമായ മനസ്സ് ജോസിനുണ്ട്.

'അളിയന്റെ പടവലങ്ങ' എന്ന കഥയിൽ പെങ്ങൾ വിത്തിനിട്ടിരുന്ന പടവലങ്ങ മോഷ്ടിക്കാൻ നിർബ്ബന്ധിതനായ അമേരിക്കൻ കുട്ടപ്പന്റെ കഥയാണ്. അടുക്കുമ്പോൾ അകലുകയും അകലുമ്പോൾ അടുക്കയും ചെയ്യുന്നതാണ് ബന്ധങ്ങളുടെ പ്രത്യേകതയെന്ന് ഈ കഥയിൽ നിരീക്ഷിക്കുന്നുണ്ട്.

അൻപതു വയസിനുമേൽ പ്രായമുള്ള ഭർത്താവ്, കിടക്കമുറിയിൽ കെട്ടിയവളുടെ അടുത്ത് ബലഹീനനാകുമ്പോൾ, അവളുടെ അണിഞ്ഞൊരുങ്ങലിൽ സംശയാലുവാകുന്നു.

'പാണ്ടൻ നായുടെ പല്ലിനു ശൗര്യം പണ്ടേപോലെ ഫലിക്കുന്നില്ല' എന്ന കുഞ്ചൻ നമ്പ്യാരുടെ രണ്ടാം ക്ളാസിൽ പഠിച്ച പദ്യം മൂളിയാൽ പോലും അവൾ തന്നെ അവഹേളിക്കുന്നതായി പാവം ഭർത്താവ് കണ്ടെത്തുന്നു; കലഹിക്കുന്നു. പക്ഷേ ഭാര്യയുടെ വിശദീകരണം ഏതു ഭർത്താക്കന്മാരെയും വികാരഭരിതനാക്കും. 'പവ്വർ ഫെയിലർ' എന്ന കഥ അവസാനിക്കുന്നത് പവർകട്ട് ഇല്ലാതെയുള്ള ഒരു തിരിച്ചുവരവോടെയാണ്.






' ദൈവത്തിന്റെ നാട് ' എന്ന നർമ്മത്തിൽ, ദാമ്പത്യജീവിതത്തിന്റെ പാല്പായസത്തിൽ സ്ഥിരം മണൽ വാരിയിടുന്ന ഒരു അമ്മച്ചിയുണ്ട്. അവരുടെ മരണം വിശുദ്ധനാട്ടിൽ വെച്ച് നടന്നിട്ടും, അവരുടെ ശവസംസ്കാരം കുറഞ്ഞ ചിലവിൽ ഇസ്രയേലിൽ വച്ച് നടത്താമായിരുന്നിട്ടും, പത്തിരട്ടി കൂടുതൽ ചിലവിൽ അമേരിക്കയിൽ തന്നെ നടത്താൻ തീരുമാനിച്ച മരുമകൻ മത്തായിക്കുട്ടിയെ എല്ലാവരും കുടുംബത്തോട് സ്നേഹമുള്ളവനെന്ന് പറഞ്ഞു. അതിനായ് മത്തായിക്കുട്ടിയെ പ്രേരിപ്പിച്ചത് എന്താണെന്ന് വായിച്ചു തന്നെ അറിയണം.

'ഇതു നമ്മുടെ അച്ചായനല്ലേ' എന്ന നർമ്മഭാവനയിൽ പ്രായാധിക്യം മൂലം ശരീരവടിവ് നഷ്ടപ്പെട്ട, മുടി പൊഴിഞ്ഞ കഷണ്ടിയായ ചിലർ കാൽനൂറ്റാണ്ടു മുൻപുള്ള ഫോട്ടോ, ഇന്നും സോവനീറിലും പത്രങ്ങളിലും കൊടുക്കുന്നതിന്റെ അനൗചിത്യം തുറന്നു കാണിക്കുന്നു.

'എങ്കിലും എന്റെ ദൈവമേ...' എന്നത്

നല്ലവനായ കുഞ്ഞവറാച്ചൻ മരിച്ച് സ്വർഗ്ഗത്തിൽ ചെല്ലുന്നിടത്തു നിന്നാണ് ആരംഭിക്കുന്നത്. ഒരു നസ്രാണിയുടെ ലൗകിക ഭാവനയിൽ നിന്നും വ്യത്യസ്ഥമായ സ്വർഗ്ഗം, ബൈബിൾ വായന, ഗീതാപാരായണം, ഖുറാൻ വായന, മാലാഖമാരുടെ വാദ്യസംഗീതം, സ്വീകർണ്ണ യോഗങ്ങൾ, ദൈവത്തിന്റെ സായാഹ്നസവാരി..., പൊതുവെ മടുപ്പു തോന്നിയ അയാൾ ദൈവത്തിന്റെ പാസ്സുവാങ്ങി മൂന്നു ദിവസത്തേക്ക് നരകം സന്ദർശിക്കാൻ പുറപ്പെട്ടു. ആരെയും ആകർഷിക്കുന്ന, വികാരങ്ങൾക്കു വിലക്കില്ലാത്ത, നരകത്തിലെ ആനന്ദപൂർണ്ണമായ ജീവിതം. പക്ഷേ അന്ത്യം ? എന്തിലും എന്റെ ദൈവമേ എന്നു വിളിപ്പിക്കുന്നതു തന്നെ. നരകത്തിലായാലും വിസിറ്റിങ്ങ് വിസയിൽ പോകുന്നതും പെർമിനന്റ് റെസിഡന്റായി പോകുന്നതും തമ്മിലുള്ള വ്യത്യാസം നന്നായി അവതരിപ്പിച്ചിരിക്കുന്നു.

ഈ ലോകത്തിലെ ഒരു സുഖവും അനുഭവിക്കാതെ, പിശുക്കനായി ജീവിച്ച്, മറ്റുള്ളവർക്കു വേണ്ടി സമ്പാദിച്ച്, പിശുക്കനായി മരിച്ച ഒരുവന്റെ മരണാനന്തര നിരീക്ഷണങ്ങളാണ് 'അൾസർ വക്കച്ചൻ' എന്ന കഥയിലൂടെ കഥാകൃത്ത് വരച്ചുകാട്ടുന്നത്. പഴയ തലമുറയിലെ ഒരു നല്ല ശതമാനം മലയാളികളുടെയും ജീവിത രീതിയാണ് ഇതിലൂടെ അനാവരണം ചെയ്യുന്നത്. കോവിഡ് എന്ന മഹാമാരി ഈ പിശുക്കിനൊരു അറുതി വരുത്തിയിട്ടുണ്ടെന്ന് സമ്മതിക്കാതെ വയ്യ. ആർക്കൊ വേണ്ടി സമ്പാദിച്ചു വെക്കാതെ ലോകം കാണാനും ജീവിതം ആസ്വദിക്കാനും മലയാളിക്ക് വെളിവ് കൊടുത്തത് കോവിഡ് കാലത്തെ മരണഭയമാണ്.

'സ്ത്രീ; ധനം കൊണ്ടുമാത്രം ജീവിക്കുന്നില്ല' എന്ന കഥയിൽ ആദ്യകാല അമേരിക്കൻ മലയാളിയുടെ ആകുലതകളും പ്രതീക്ഷകളും ഒരു കാർട്ടൂൺ ചിത്രം പോലെ വരച്ചിട്ടിരിക്കുന്നു. പുതിയ കാറുകൾ സ്വപ്നം കണ്ടിരുന്ന മലയാളികൾക്ക് പഴയ കാറുകൾ വാങ്ങുവാനേ ആരംഭകാലത്ത് സാമ്പത്തീകം അനുവദിച്ചിരുന്നുള്ളൂ. ഇന്ന് അതൊക്കെ മാറിയിരിക്കുന്നു. ഏറ്റവും പുതിയതും മുന്തിയതുമായ കാറിൽ പൊങ്ങച്ചം കാണിക്കാൻ ഒട്ടും പിന്നിലല്ല മലയാളിയും.

ആധിനിക കവിതാ പ്രസ്ഥാനത്തിന്റെ ചുവട് പിടിച്ച് ചിലർ പടച്ചു വിടുന്ന പൊതിക്കാത്ത തേങ്ങകൾ ആസ്വാദകന്റെ നെഞ്ചത്തും ചിലപ്പോൾ തലയിലും വീണ് അവനെ പരലോകത്തേക്ക് അയയ്ക്കുന്നു. ആധുനിക കവിത എന്ന പേരിൽ പുറത്തു വരുന്ന ചില തോന്ന്യാക്ഷരങ്ങളെ നർമ്മത്തിൽ പൊതിഞ്ഞ് രൂക്ഷമായി പരിഹസിക്കുകയാണ് 'തേങ്ങകൾ പൊതിച്ചതും പൊതിക്കാത്തതും എന്ന കഥയിൽ.

നമ്മുടെ ചുറ്റുവട്ടത്ത് നടക്കുന്ന അല്ലെങ്കിൽ നടക്കാൻ സാധ്യതയുള്ള സംഭവങ്ങൾ ഇണക്കികോർത്തെടുത്ത 25 നർമ്മ ഭാവനകളാണ് ഇതിലെ ഇതിവൃത്തം. ഈ സമാഹരത്തിലുള്ള നർമ്മഭാവനകൾ തികച്ചു മൗലികമാണെന്ന് ഇത് വായിക്കുമ്പോൾ മനസ്സിലാകും.

അസ്ഥാനത്തുള്ള നർമ്മം നനഞ്ഞ പടക്കമ്പോലെ ചീറ്റിപ്പോവുകയും ചെയ്യും. ഇതൊന്നും നർമ്മ പ്രസ്ഥാവനകളല്ല, ചിന്തിച്ച് ചിരിക്കുവാനായിട്ട്, ചിരിച്ച് ചിന്തിക്കുവാനായിട്ട് ഈ കഥകളിലൊക്കെ എന്തൊക്കയോ നിറച്ചു വെച്ചിട്ടുണ്ട്.

ജോസ് ചെരിപുറം ഒരു കവിമാത്രമല്ല, സഹൃദയനായ ഒരു ഹാസ്യസാഹിത്യകാരൻ കൂടിയാണ്. കഥാബീജം കണ്ടെത്തുന്നതിലും വികസിപ്പിച്ചെടുത്ത് അവതരിപ്പിക്കുന്നതിലും അസാധാരണമായ നിരീക്ഷണ വൈഭവം പ്രകടമാണ്. പല രചനകളും അമേരിക്കയിലുള്ള മലയാളി കുടിയേറ്റക്കാരുടെ ജീവിത പശ്ചാത്തലത്തിൽ വികസിപ്പിച്ചെടുത്തതാണ്. അതുകൊണ്ടു തന്നെ ഈ നർമ്മഭാവനയ്ക്കുള്ള ചരിത്രപരമായ പ്രാധാന്യം ശ്രദ്ധേയമാണെന്ന് ജനനി പബ്ളിക്കേഷൻസ് പത്രാധിപർ ജെ. മാത്യൂസ് അവതാരികയിൽ പറഞ്ഞിരിക്കുന്നു.

ഏഴാം കടലിനക്കരെയെന്നോ ഇക്കരെയെന്നോ ഭേദമില്ലാതെ, മലയാളികളുടെ ജീവിതത്തിലെ മോഹങ്ങളും മോഹഭംഗങ്ങളും വിജയങ്ങളും പരാജയങ്ങളും വീമ്പിളക്കലും പൊങ്ങച്ചം പറച്ചിലുമെല്ലാം ചെരിപുറത്തിന്റെ പേനത്തുമ്പിലൂടെ നമ്മിൽ ചിരിയുണർത്തുന്നതായി ന്യൂയോർക്ക് അശ്വമേധം ചീഫ് എഡിറ്റർ രാജു മൈലപ്ര ആമുഖമായി ചേർത്തിരിക്കുന്ന അസ്വാദനക്കുറിപ്പിൽ എടുത്തു പറഞ്ഞിരിക്കുന്നു.

ഏത് അരസികനും ചെരിപുറത്തിന്റെ ഫലിതകഥകൾ വായിച്ച് പരിസരം മറന്ന് പൊട്ടിച്ചിരിക്കും. മലയാള ഹാസ്യസാഹിതീ ചക്രവർത്തിയായ ഇ. വി. കൃഷ്ണപിള്ളയെപ്പോലെ ചിരിയിലൂടെ ചിന്തയിലേക്കും ചിന്തയിലൂടെ ചിരിയിലേക്കും സഹൃദയരെ നയിക്കുന്നു. പൊട്ടിച്ചിരിയുടെ അപ്പോസ്തോലനായ വേളൂർ കൃഷ്ണൻ കുട്ടിയുഎപ്പോലെ ചെരിപുറം ഫലിതപ്പടക്കങ്ങൾക്ക് തിരികൊളുത്തുന്നു. എന്ന് ജോയൻ കുമരകം അഭിപ്രായപ്പെട്ടിരിക്കുന്നു.

25 ഹാസ്യസാഹിത്യക്കുറിപ്പുകളുടെ ഈ സമാഹാരം ആലുവയിലുള്ള സൺറൈസ് പബ്ളിക്കേഷൻസാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. 158 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 90 രൂപയാണ്.

**ജോസ് ചെരിപുറം**

1948 നവംബർ മാസത്തിൽ പാലായ്ക്കടുത്തുള്ള ചെങ്ങളം ഗ്രാമത്തിൽ ജനിച്ചു. അമേരിക്കയിലെ സാഹിത്യ സാംസ്കാരിക സംഘടനകളിൽ സജീവമാണ്. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ആനുകാലികങ്ങളിൽ കഥയും കവിതയും ലേഖനങ്ങളും തുടർച്ചയായി എഴുതുന്നു.

കാവ്യ നർത്തകി (കവിതാ സമാഹാരം), അളിയന്റെ പടവലങ്ങ (ഹാസ്യസാഹിത്യം) എന്നിവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

നാല്പത്തിനാലു വർഷമായി ന്യൂയോർക്കിലെ എൽമോണ്ടിൽ താമസിക്കുന്നു.

ഭാര്യ :- ഏലിക്കുട്ടി ജോസ്

മക്കൾ :- ഡോ. എബി ജോസ്, എമി ജോസ്.

email :- josecheripuram@gmail.com


LAWSON
travel
Enjoy Your
Vacations
With Us
214-631-2458
www.LawsonTravel.com

# ആൻ മേരിയെ കുത്തി; കഴുത്തു ഞെരിച്ചു; രക്തം വൃത്തിയാക്കാൻ ശ്രമിച്ചു’




സാൻ ഹോസെ: കാലിഫോർണിയയിലെ സാൻ ഹോസെയിലും മിൽപിറ്റസിലും മണിക്കൂറുകൾക്കുള്ളിൽ രണ്ട് അടുത്ത സുഹൃത്തുക്കൾ കൊല്ലപ്പെട്ട സംഭവത്തിൽ 32-കാരി അനില ബേബിക്കെതിരെ രണ്ട് കൊലക്കുറ്റങ്ങൾ ചുമത്തി. ഓഗസ്റ്റ് 28-ന് മിൽപിറ്റസിൽ 35-കാരിയായ അഞ്ജന ഹരിയെ എസ്‌യുവി ഇടിപ്പിച്ച് കൊലപ്പെടുത്തിയെന്ന കേസിന് പിന്നാലെയാണ് സാൻ ഹോസെയിലെ വീട്ടിൽ 39-കാരിയായ ആൻ മേരി മാത്യുവിനെ കുത്തിയും കഴുത്തു ഞെരിച്ചും കൊലപ്പെടുത്തിയ കേസിലും അനില ബേബിക്കെതിരെ കുറ്റം ചുമത്തിയത്.

സാന്റ ക്ലാര കൗണ്ടി ഡിസ്ട്രിക്ട് അറ്റോർണി ഓഫീസ് സെപ്റ്റംബർ 8-ന് സാൻ ഹോസെ പൊലീസ് നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആൻ മേരിയുടെ മരണവുമായി ബന്ധപ്പെട്ട കൊലക്കുറ്റം കൂടി ചേർത്തു. നിലവിൽ രണ്ട് കൊലക്കുറ്റങ്ങളും നേരിടുന്ന അനില ബേബി കൗണ്ടി മെയിൻ ജയിലിൽ ജാമ്യമില്ലാതെ കഴിയുകയാണ്.

സെപ്റ്റംബർ 10 ന് വ്യാഴാഴ്ച അനില ബേബിയെ സാൻ ഹോസെ കോടതിയിൽ ഹാജരാക്കി. അവർ കോടതിയിൽ സംസാരിക്കുകയോ കുറ്റം സമ്മതിക്കുകയോ നിഷേധിക്കുകയോ ചെയ്തില്ല. നവംബർ 17ന് വീണ്ടും കോടതിയിൽ ഹാജരാകാൻ ഉത്തരവിട്ടിട്ടുണ്ട്. അനിലയുടെ അഭിഭാഷകൻ ഷോൺ ജോർജ് കേസിനെക്കുറിച്ച് പ്രതികരിക്കാൻ തയ്യാറായില്ല.

നിലവിൽ ചുമത്തിയിരിക്കുന്ന കുറ്റങ്ങളിൽ അനില ബേബി കുറ്റക്കാരിയെന്ന് കോടതി കണ്ടെത്തിയാൽ 50 വർഷം മുതൽ ജീവപര്യന്തം വരെ തടവ് ലഭിക്കാം.

കൊലപാതകങ്ങൾക്ക് പിന്നിലെ പ്രേരണ എന്താണെന്നും രണ്ട് സംഭവങ്ങളും തമ്മിലുള്ള കൃത്യമായ ബന്ധം എന്താണെന്നും കണ്ടെത്താനുള്ള അന്വേഷണം തുടരുകയാണ്. സാൻ ഹോസെ പൊലീസ് പറയുന്നതനുസരിച്ച്, ആൻ മേരി മാത്യുവിന്റെ കൊലപാതകം 2026ൽ സാൻ ഹോസെ നഗരത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട 17-ാമത്തെ കൊലപാതകമാണ്.

ഓഗസ്റ്റ് 28-ന് ഉച്ചയ്ക്ക് ഏകദേശം 1.50നാണ് സാൻ ഹോസെയിലെ ലിൻഡ വിസ്റ്റ സ്ട്രീറ്റിലുള്ള വീട്ടിൽ ആൻ മേരി മാത്യുവിനെ ഭർത്താവ് മരിച്ച നിലയിൽ കണ്ടെത്തിയത്. രക്തത്തിൽ കിടക്കുന്ന നിലയിലായിരുന്നു അവർ. സമീപത്ത് കത്തിയും കണ്ടെത്തിയതായി 911 ഡിസ്പാച്ച് രേഖകൾ വ്യക്തമാക്കുന്നു.

സാൻ ഹോസെ പൊലീസിന്റെ

അന്വേഷണ രേഖകൾ പ്രകാരം ആൻ മേരിയുടെ തലയിലും കൈകാലുകളിലും പരിക്കുകളുണ്ടായിരുന്നു. കഴുത്തുഞെരിച്ചതിന്റെ ലക്ഷണങ്ങളും കണ്ടെത്തി. സാന്റ ക്ലാര കൗണ്ടി മെഡിക്കൽ എക്സാമിനറുടെ പരിശോധനയിൽ കഴുത്തുഞെരിക്കൽ, തലയിലും മുഖത്തുമേറ്റ ആഘാതം, മുറിവുകൾ എന്നിവയുടെ സംയുക്ത ഫലമായാണ് മരണം സംഭവിച്ചതെന്ന് കണ്ടെത്തി.

തലയിലും കൈകാലുകളിലും പരിക്കേറ്റ നിലയിലായിരുന്ന അവരെ 'ശ്വാസംമുട്ടിച്ച് കൊലപ്പെടുത്തിയതായി തോന്നുന്നു' എന്ന് സാൻ ജോസ് പോലീസ് തയ്യാറാക്കിയ സത്യവാങ് മൂലത്തിൽ പറയുന്നു; 'ശ്വാസംമുട്ടൽ, തലയിലും മുഖത്തുമേറ്റ ക്ഷതം, മുറിവുകൾ എന്നിവയുടെ ആകെ ഫലമായാണ്' മരണം സംഭവിച്ചതെന്ന് പിന്നീട് സാന്റാ ക്ലാര കൗണ്ടി മെഡിക്കൽ എക്സാമിനർ സ്ഥിരീകരിച്ചു.

സംഭവസ്ഥലത്ത് ഏറ്റുമുട്ടലിന്റെ ലക്ഷണങ്ങളും രക്തം വൃത്തിയാക്കാൻ ശ്രമിച്ചതിന്റെ തെളിവുകളും പൊലീസ് കണ്ടെത്തി. ആൻ മേരിയുടെ മൊബൈൽ ഫോൺ കാണാതായിരുന്നെങ്കിലും പിന്നീട് അത് അനില ബേബിയുടെ കാറിൽ നിന്ന് കണ്ടെത്തി.

വീട്ടിലെ സുരക്ഷാ ക്യാമറയിൽ രാവിലെ 10.37നും 11.35ഓടെയും എടുത്ത ചില ദൃശ്യങ്ങൾ നീക്കം ചെയ്തതായും അന്വേഷണത്തിൽ കണ്ടെത്തി. അവശേഷിച്ച ഒരു ദൃശ്യത്തിൽ വീടിന്റെ മുൻവാതിലിനരികിൽ ഒരു ചെരുപ്പ് കാണപ്പെട്ടു. അപ്രതീക്ഷിതമായി ഒരാൾ ആൻ മേരിയുടെ വീട്ടിലെത്തിയിരുന്നതായി ഒരു സാക്ഷി പൊലീസിന് മൊഴി നൽകിയിട്ടുണ്ട്.

ക്യാമറയിൽ കണ്ട ചെരുപ്പ് അനില ബേബിയെ മിൽപിറ്റസിൽ അറസ്റ്റ് ചെയ്യുമ്പോൾ അവർ ധരിച്ചിരുന്നതു തന്നെയാണെന്ന് പൊലീസ് സ്ഥിരീകരിച്ചു. സുരക്ഷാ ക്യാമറ ദൃശ്യങ്ങൾ, വാഹനങ്ങളുടെ ലൈസൻസ് പ്ലേറ്റ് തിരിച്ചറിയുന്ന ക്യാമറകൾ, അനിലയുടെ മൊബൈൽ ഫോൺ സിഗ്നൽ എന്നിവ കൊലപാതകം നടന്ന സമയത്ത് അവർ ആൻ മേരിയുടെ വീട്ടിലുണ്ടായിരുന്നുവെന്ന് സൂചിപ്പിക്കുന്നതായി അന്വേഷണ രേഖകൾ പറയുന്നു.

ആൻ മേരിയുടെ രക്തവും ഡിഎൻഎയും ഉൾപ്പെടെയുള്ള തെളിവുകളും അനിലയുമായി ബന്ധിപ്പിക്കുന്നതായി പൊലീസ് പറയുന്നു. അനിലയുടെ വസ്ത്രത്തിലുണ്ടായിരുന്ന രക്തം ആൻ മേരിയുടെ ഡിഎൻഎയുമായി പൊരുത്തപ്പെട്ടതായും അന്വേഷണ രേഖകളിൽ പറയുന്നു.

ആൻ മേരിയുടെ മൃതദേഹം കണ്ടെത്തുന്നതിന് രണ്ട് മണിക്കൂർ തികയും മുമ്പാണ് മിൽപിറ്റസിലെ മിൽ ക്രീക്ക് അപാർട്ട്മെന്റ് ബിൽഡിങ്ങിൽ അഞ്ജന ഹരി കൊല്ലപ്പെട്ടത്.

ഓഗസ്റ്റ് 28 ന് ഉച്ചയ്ക്ക് ഏകദേശം 12 മണിയോടെ അപാർട്ട്മെന്റ് പാർക്കിങ് സ്ഥലത്ത് ഉണ്ടായ അപകടത്തെക്കുറിച്ച് പൊലീസിന് വിവരം ലഭിച്ചു. സാക്ഷികളുടെ മൊഴിപ്രകാരം നീല നിറത്തിലുള്ള ടൊയോട്ട ഹൈലാൻഡർ എസ്‌യുവി ഓടിച്ചിരുന്ന അനില ബേബി, അഞ്ജനയുടെ മുന്നിൽ വാഹനം നിർത്തിയശേഷം പെട്ടെന്ന് വേഗത കൂട്ടി ഇടിപ്പിക്കുകയായിരുന്നു. തുടർന്ന് വാഹനം അതിവേഗം ഓടിച്ചുപോയതിനിടെ പാർക്ക് ചെയ്തിരുന്ന മൂന്ന് വാഹനങ്ങളിലും ഇടിച്ചു.

അഞ്ജനയ്ക്ക് തലയ്ക്കേറ്റ ഗുരുതരമായ പരിക്കുകളും രക്തസ്രാവവും സ്ഥലത്തുവെച്ചുതന്നെ മരണത്തിലേക്ക് നയിച്ചതായി മിൽപിറ്റസ് പൊലീസ് അറിയിച്ചു.

വാഹനത്തിൽ രക്ഷപ്പെടുന്നതിനിടെ മറ്റൊരു താമസക്കാരനും അനിലയെ തിരിച്ചറിഞ്ഞതായി പൊലീസ് രേഖകളിലുണ്ട്. പിന്നീട് നടത്തിയ പരിശോധനയിൽ വാഹനം ബ്രേക്ക് ചെയ്തതിന്റെ സൂചന നൽകുന്ന ടയർ ഇമ്പ്രഷനോ സ്കിഡ് മാർക്കുകളോ കണ്ടെത്താനായില്ല. ഇതും മറ്റ് തെളിവുകളും പരിഗണിച്ചാണ് അഞ്ജനയെ മനഃപൂർവം വാഹനമിടിപ്പിച്ചതാണെന്ന നിഗമനത്തിലേക്ക് അന്വേഷണ ഉദ്യോഗസ്ഥർ എത്തിയത്.

അപകടത്തിന് പിന്നാലെ എസ്‌യുവി സമീപത്തെ വാൾഗ്രീൻസ് പാർക്കിങ് സ്ഥലത്തേക്ക് എത്തിയപ്പോൾ രണ്ട് ഡിറ്റക്ടീവുകൾ അനിലയെ അറസ്റ്റ് ചെയ്തു. അപ്പോൾ അനില കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കാനാകാത്ത അവസ്ഥയിലായിരുന്നുവെന്നും ചോദ്യങ്ങൾക്ക് മറുപടി നൽകാൻ കഴിയാതിരുന്നുവെന്നും പൊലീസ് രേഖകൾ പറയുന്നു. കൈകളിലും കാലുകളിലും പരിക്കുകളും രക്തവും കാണപ്പെട്ടിരുന്നു.

സാൻ ഹോസെ പൊലീസ് പറയുന്നതനുസരിച്ച്, അനിലയുടെ ശരീരത്തിലെ പരിക്കുകളും രക്തത്തിന്റെ അളവും വാഹനാപകടം കൊണ്ട് മാത്രം ഉണ്ടായതല്ല. അവരുടെ വസ്ത്രത്തിലുണ്ടായിരുന്ന രക്തം ആൻ മേരി മാത്യുവിന്റെ ഡിഎൻഎയുമായി പൊരുത്തപ്പെട്ടതായും പൊലീസ് കണ്ടെത്തി.

അനില ബേബിയും അഞ്ജന ഹരിയും മിൽപിറ്റസിലെ ഒരേ അപാർട്ട്മെന്റ് സമുച്ചയത്തിലായിരുന്നു താമസിച്ചിരുന്നത്. സാൻ ഹോസെയിലേക്ക് താമസം മാറുന്നതിന് മുമ്പ് ആൻ മേരി മാത്യുവും ഇതേ സമുച്ചയത്തിൽ താമസിച്ചിരുന്നതായി രേഖകൾ വ്യക്തമാക്കുന്നു. മൂവരും മലയാളികളാണ് എന്നതുകൊണ്ടുതന്നെ അമേരിക്കൻ മലയാളി നടുക്കത്തോടെയാണ് നടുക്കത്തോടെയാണ് ഈ വാർത്ത ശ്രവിക്കുന്നത്.

കുടുംബാംഗങ്ങൾ പൊലീസിനോട് നൽകിയ വിവരമനുസരിച്ച് അനില ബേബിയും അഞ്ജന ഹരിയും സുഹൃത്തുക്കളും അയൽവാസികളുമായിരുന്നു. കൊല്ലപ്പെടുന്നതിന് മുമ്പ് അഞ്ജന അനിലയെ ഫോണിൽ വിളിച്ചിരുന്നതായും ഡെപ്യൂട്ടി ഡിസ്ട്രിക്ട് അറ്റോർണി മാരിസ മക്കിയോൺ പറഞ്ഞു.


രണ്ട് സ്ത്രീകളുടെയും കുടുംബങ്ങൾ കടുത്ത ദുഃഖത്തിലാണെന്ന് മക്കിയോൺ പറഞ്ഞു. കൊല്ലപ്പെട്ട തങ്ങളുടെ അമ്മമാരെക്കുറിച്ച് കുഞ്ഞുമക്കൾ ചോദിക്കുമ്പോൾ ഉത്തരം കണ്ടെത്താൻ കഴിയാതെ വേദനിക്കുകയാണെന്നും അവർ പറഞ്ഞു.

അതേസമയം, പൊലീസ് ആരോപണങ്ങൾ കോടതിയിൽ തെളിയിക്കപ്പെടുന്നതുവരെ അനില ബേബി കുറ്റക്കാരിയാണെന്ന് നിയമപരമായി കണക്കാക്കാനാകില്ല.

പുസ്തക പരിചയം - 36

# വെയിൽ ചായും നേരം

## (ഓർമ്മക്കുറിപ്പുകൾ) റഹിമാബി മൊയ്തീൻ






പുസ്തക പരിചയം തയ്യാറാക്കിയത് -
ബാജി ഓടംവേലി, ഡാലസ്

മനസ്സിന്റെയുള്ളിൽ നിന്നും ഒരിക്കലും ഒലിച്ചു പോകരുതേയെന്ന് ആഴത്തിൽ ആഗ്രഹിക്കുന്ന ഗൃഹാതുരത്വം നിറഞ്ഞ ഓർമ്മകളുടെ തുള്ളികളാണ് ഈ പുസ്തകത്തിലുള്ളത്. സ്വന്തം മണ്ണും ദേശവും വിട്ട് അമേരിക്കയിൽ ജീവിക്കുമ്പോഴും പിന്നിട്ട കാലത്തെയും ദേശഗന്ധങ്ങളെയും മനുഷ്യരെയും നാട്ട് ആഘോഷങ്ങളെയും ഒക്കെ ലളിതമായ ഭാഷയിൽ വായനക്കായ് ഒരുക്കി വെച്ചിരിക്കുന്നു.

പഴയ തലമുറയ്ക്ക് കടന്നുപോയ വഴികൾ ഒന്നുകൂടെ ഓർത്തെടുക്കാനും പുതിയ തലമുറയ്ക്ക് പഴമയുടെ ചില നേർക്കാഴ്ചകൾ വായിച്ചറിയാനും ഈ ഓർമ്മക്കുറിപ്പുകൾ സഹായിക്കും. മനസ്സുകളിൽ എന്നും നിറഞ്ഞു നിൽക്കുന്ന ഈ പുസ്തകത്തിലെ കാഴ്ചകളൊന്നും ഇന്ന് ആർക്കും നേരിൽ കാണാനാവില്ല, കാലം അത്രയ്ക്ക് മാറ്റങ്ങൾ സമ്മാനിച്ചു.

'വെയിൽചായും നേരം' എന്ന ഓർമ്മക്കുറിപ്പിൽ കഷായക്കഞ്ഞിയുടെ പാൽമണമുള്ള ബീവിക്കുട്ടിഉമ്മയെന്ന വല്ല്യുമ്മയെയും, എന്തിനും ഏതിനും ഉദാഹരണമായ് പറയുന്ന പഴഞ്ചൊല്ലുകളെയും




ഓർത്തെടുക്കുകയാണ്. വല്ല്യുമ്മയില്ലായിരുന്നുവെങ്കിൽ താനും ഇല്ലായിരുന്നു എന്ന് എഴുത്തുകാരി ഉറപ്പിച്ചു പറയുന്നു. വല്ല്യുമ്മയെ ഓർക്കാത്ത ഒരു ദിവസവും കടന്നു പോയിട്ടില്ല. വല്ല്യുമ്മയെ ഓർക്കാൻ എന്നും ഓരോ കാരണങ്ങൾ ദിനവും വന്നുചേരുമായിരുന്നു, അത്രയ്ക്ക് വല്ല്യുമ്മയും എഴുത്തുകാരിയും ഒന്നായിരുന്നു.

വെയിൽ ചായും നേരത്ത് വല്ല്യുമ്മായുടെ കൈപിടിച്ച് വെള്ളിക്കൊലുസിട്ട കുഞ്ഞിക്കാലുകളിൽ മുള്ളു കൊള്ളാതിരിക്കാൻ ശ്രദ്ധിച്ചു നടക്കുമ്പോൾ തൊടിയിൽ തളിരിട്ടു നിൽക്കുന്ന ഓരോ ഇലയുടെയും പൂവിന്റെയും പേരും ഉപയോഗവും സഹിതം ഉരുവിട്ട് പഠിക്കുമായിരുന്നു. ജലദോഷം, ചുമ, അഞ്ചാംപനി, ചിക്കൻ പോക്സ്, ഉളുക്ക്, മുറിവ്, കുഞ്ഞുങ്ങൾക്ക് നിറം വെയ്ക്കാൻ അങ്ങനെ ഒരുപാട് നാട്ടുവൈദ്യങ്ങൾ വല്ല്യുമ്മയിൽ നിന്നും പഠിച്ചത് ഓർത്ത് എഴുതിവെച്ചിരിക്കുന്നത് വായനക്കാർക്ക് നിധിയാവും.

തറവാട്ടിലെ സഹായി ആയിരുന്ന ലക്ഷ്മിയേടത്തിയോടൊപ്പം അവരുടെ വീട്ടിൽ വർഷത്തിലൊരിക്കൽ ആഘോഷിച്ചിരുന്ന തിരുവാതിരപ്പൊലിമയുടെ വിശദമായ വിവരണമാണ് 'നാട്ടു മണമുള്ള ആഘോഷങ്ങൾ' എന്ന അദ്ധ്യായത്തിലുള്ളത്. വായിച്ചു കഴിയുമ്പോൾ വായനക്കാർ കണ്ണാലെ കണ്ട് ആഘോഷത്തിലൊക്കെ പങ്കെടുത്തതു പോലെ അനുഭവപ്പെടും, അത്രയ്ക്കും സൂക്ഷ്മമായി അനുഭവവേദ്യമായിട്ടാണ് ഓരോ ചുവടും വിവരിച്ചിരിക്കുന്നത്.

'ആറ്റാശ്ശേരി സ്കൂളും ഒരു കുഞ്ഞു കളവും' എന്നതിൽ സ്കൂളിൽ പഠിക്കുമ്പോൾ ഫെമിനിസ്റ്റാകാൻ ആഗ്രഹിച്ച് എങ്ങനെ ബെല്ലടികള്ളത്തിയായെന്നത് ഒരു കഥ പോലെ പറഞ്ഞിരിക്കുന്നു. പിന്നീടൊരിക്കലും ആ പടി ചവിട്ടാൻ സാധിക്കാഞ്ഞതിന്റെ കാരണം ദുഃഖത്തോടെയെ വായിക്കാനാവൂ.

'നെല്ലിമര ചോട്ടിൽ' എന്ന അദ്ധ്യായത്തിൽ അഞ്ചാം ക്ളാസ്സിൽ പഠിക്കുമ്പോൾ 'സിതാര' എന്ന പേരിൽ കൈയ്യെഴുത്തു മാസിക ആരംഭിച്ചതും, ആദ്യമായി കവിതയെഴുതിയതും, മൂന്നു തവളകളുടെ കഥയെഴുതിയ കാര്യവും പറഞ്ഞ് എഴുത്തിന്റെയും വായനയുടെയും ലോകത്തേക്ക് കൈപിടിച്ചുയർത്തിയ ബാലകൃഷ്ണൻ മാഷിനെ സ്നേഹത്തോടെ സ്മരിക്കുന്നു.

മനയ്ക്കലെ അമ്മുക്കുട്ടി അമ്മയുടെ കൈയ്യിൽ നിന്നും ആദ്യമായി നോവൽ കടംവാങ്ങി വെള്ളം കോരാൻ കൊണ്ടു പോയ കുടത്തിലൊളിപ്പിച്ച് വീട്ടിൽ കൊണ്ടുപോയി രാത്രി മുഴുവൻ ഉറക്കിളച്ചിരുന്നു വായിച്ച സംഭവം പറയുകയാണ് 'പാത്തുമ്മയുടെ ബഷീർ'. നേരം വെളുത്ത് പിടിക്കപ്പെട്ടപ്പോൾ താൻ വായിച്ചത് പ്രേമലേഖനമായിരുന്നെന്ന് പറഞ്ഞത് കൂടുതൽ പ്രശ്നങ്ങളിലേക്കാണ് നയിച്ചത്. 'ഇതിനാണോടി നിന്നെ സ്കൂളിൽ വിടുന്നത്' എന്നും ആക്രോശിച്ച് കുറേ ചോദ്യശരങ്ങൾ ആ പെൺകുട്ടിക്കു നേരെ പെയ്തു. ആരു തന്നു? എപ്പോൾ തന്നു? എവിടെ വെച്ചു തന്നു? എന്നൊക്കെ. പേടിച്ചു വിറച്ചാണ് 'ബഷീറിന്റെ' എന്നു പറഞ്ഞത്. പിന്നീട് ഏതു ബഷീർ? എവിടുത്തെ ബഷീർ? എന്നൊക്കെ ചോദിച്ച് ഓർമ്മകൾ രസകരമായി മുന്നേറുന്നു.

അമേരിക്കയിൽ നേഴ്സായി ജോലി ചെയ്യാൻ ആരംഭിച്ച സമയത്ത് മനസ്സിലാക്കിയ ചില ആശുപത്രി രീതികൾ 'പെഡിക്യൂലസ് ക്യാപിറ്റിസ് അഥവാ പേൻപുരാണം' എന്നതിൽ പറയുന്നു. സ്കൂളിലെ ഒരു കുട്ടിയുടെ തലയിൽ ഒരു കുഞ്ഞിപേനെ കണ്ടതിന് ഒരാഴ്ച സ്കൂൾ മൊത്തമായി അടച്ചിട്ടതും എല്ലാം കുട്ടികൾക്കും പ്രതിരോധ ചികിത്സ കൊടുത്തതും ഏഷ്യക്കാരന് അതിശയോക്തിയായി തോന്നിയേക്കാം. എന്നാൽ അതാണ് സത്യം അമേരിക്കയിൽ കുഞ്ഞിപേൻ പോലും ഒരു ഭീകര ജീവിയാണ്.

അവസാന അദ്ധ്യായത്തിൽ 'അമേരിക്കയിലെ ചില ജീവിതാനുഭവങ്ങൾ' അവതരിപ്പിക്കുകയാണ്. 2007 ആഗസ്റ്റ് മാസത്തിൽ അമേരിക്കയിൽ വിമാനം ഇറങ്ങുമ്പോൾ നാട്ടിൽ രാത്രിയാകുമ്പോൾ ഇവിടെ പകലാണെന്നും ഒരു ഡോളറിൻ

40 ഇന്ത്യൻ രൂപ കിട്ടുമെന്നും മാത്രമായിരുന്നു അമേരിക്കൻ അറിവ്. (ഇന്ന് ഒരു ഡോളർ 100 ഇന്ത്യൻ രൂപയായി വളർന്നോ അതോ തളർന്നോ എന്ന് ഉറപ്പില്ല) പിന്നെ വേഗത്തിൽ ഒന്നൊന്നു പഠിച്ചു മുന്നേറി. ഇവിടുത്തെ നന്മ തിന്മകളെ വിശകലനം ചെയ്ത് അമേരിക്കയിലേക്ക് വന്നത് നന്നായി എന്ന് ഉറപ്പിച്ചു പറയുന്നു.

വള്ളുവനാടൻ ഗ്രാമജീവിതത്തിന്റെ ഉൾത്തുടിപ്പുകൾ അറിഞ്ഞ് വളരാൻ കഴിഞ്ഞത് വലിയ അനുഗ്രഹമായി എഴുത്തുകാരി കാണുന്നു. വീട്, വീട്ടുകാർ, നാട്, നാട്ടുകാർ, സ്കൂൾ, അദ്ധ്യാപകർ, കോൺവെന്റ്, കോളേജ്, ഹോസ്റ്റൽ, പെണ്ണുകാണൽ, അമേരിക്കയിലെ ജോലിസ്ഥലം, രോഗികൾ, സഹപ്രവർത്തകർ, അമേരിക്കൻ ജീവിതാനുഭവം തുടങ്ങി വളരെയധികം കാര്യങ്ങൾ ഈ ഓർമ്മക്കുറിപ്പിൽ ഓർത്തെടുക്കുന്നുണ്ട്. സമപ്രായക്കാർക്ക് ഈ വായന ഓർമ്മകൾ അയവിറക്കാൻ സഹായിക്കുകയും പുതു തലമുറയ്ക്ക് ഈ വായന പോയകാലത്തിന്റെ ജീവിതചിത്രം നൽകുകയും ചെയ്യും.

മികച്ച കവി കൂടിയായ എഴുത്തുകാരി, ഓർമ്മകൾ തന്നെ ജീവിക്കാൻ പ്രേരിപ്പിക്കുന്നു എന്ന ഉറപ്പിൽ തന്റെ എഴുത്തു ജീവിതത്തിൽ ആത്മവിശ്വാസത്തോടെ മുന്നേറുന്നു.

അനുഭവങ്ങളിൽ നിന്ന് അടർത്തിയെടുത്ത ഓർമ്മകളാണിത്. ജീവിതത്തിന്റെ ചൂടും ചൂരും പേറുന്ന കഥാപാത്രങ്ങൾ നമുക്കേറ്റവും പരിചിതമായ മനുഷ്യരെപ്പോലെ സംവദിക്കുന്നു. ഓർമ്മകളുടെ വൈവിധ്യം വായനക്കാരെ പുതിയ ചില ഇടങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. നമുക്ക് നഷ്ടപ്പെട്ട ദേശവും മനുഷ്യരും ഓർമ്മകളിലൂടെ ഹൃദയങ്ങളിലേക്ക് നേരിട്ട് പ്രവേശിക്കുന്ന അനുഭവം സൃഷ്ടിക്കാൻ ഈ എഴുത്തുകാരിക്ക് അനായാസം കഴിഞ്ഞിരിക്കുന്നു എന്ന് പ്രസാധകക്കുറിപ്പിൽ അർഷാദ് ബത്തേരി പറഞ്ഞിരിക്കുന്നു.



എഴുത്തുകാരൻ അർഷാദ് ബത്തേരിയുടെ പ്രസാധകക്കുറിപ്പ് ആമുഖമായി ചേർത്തിട്ടുണ്ട്. മനസ്സിൽ നനവ് പടർത്തുന്ന 15 ഓർമ്മക്കുറിപ്പുകളുടെ ഈ പുസ്തകം കോഴിക്കോട് ജില്ലയിലുള്ള ബാഷോ ബുക്സാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. 66 പേജുകളുള്ള ഈ പുസ്തകത്തിന്റെ വില 100 രൂപയാണ്.



**റഹിമാബി മൊയ്തീൻ**

പാലക്കാട് ജില്ലയിലെ തൃക്കടീരിയിൽ ജനിച്ചു. ആറ്റാശ്ശേരി എ. എം. എൽ. പി. സ്കൂൾ, തൃക്കടീരി ബി. ഇ. എം. യുപി സ്കൂൾ, ഒറ്റപ്പാലം എൽ. എസ്. എൻ. കോൺവെന്റ്, ഒറ്റപ്പാലം എൻ. എസ്. എസ്. കോളേജ്, കോഴിക്കോട് ഗവ: നേഴ്സിങ്ങ് കോളേജ്, കോഴിക്കോട് യൂണിവേഴ്സിറ്റി, ബാംഗ്ളൂർ രാജീവ്ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് മെഡിക്കൽ സയൻസസ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. നേഴ്സിങ്ങിലും സോഷ്യോളജിയിലും ബിരുദാനന്തര ബിരുദം. ആരോഗ്യ വകുപ്പിൽ നേഴ്സിങ്ങ് അദ്ധ്യാപികയായിരുന്നു.

2004 ആഗസ്റ്റിൽ അമേരിക്കയിലെത്തി. നേഴ്സായി അഭിമാനത്തോടെ ജോലി ചെയ്യുന്നു. വളരെ കഴിയും മുൻപേ അമേരിക്കയിലെ സാഹിത്യ കൂട്ടായ്മകളിൽ സജീവമായി. കവിതകളും ലേഖനങ്ങളും ആനുകലികങ്ങളിൽ പ്രസിദ്ധീകരിക്കാറുണ്ട്. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇപ്പോൾ അമേരിക്കയിലെ, മെരിലാന്റിൽ കുടുംബസമേതം താമസിക്കുന്നു.

ഭർത്താവ് :- പി. മൊയ്തീൻ കുട്ടി.


മക്കൾ :- റിതു അരുൺ, റിനു സാബിക്, റിതിൻ.

email :- rahima1988@gmail.com

# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see How much you can save with Allstate's New Car Discount*



Allstate®
You're in good hands.

CALL
**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years in Insurance Business

**We Offer 6 Hours Defensive Driving Course in NY/NJ**

# ഫൊക്കാന സാഹിത്യ കമ്മറ്റി: ബെന്നി നെച്ചൂർ ചെയർ; മുരളി ജെ നായർ വൈസ് ചെയർ;

## സോണി അമ്പൂക്കൻ അഡ്വൈസർ, ഗീത ജോർജ്ജ്, ജോർജ്ജ് നടവയൽ, ബിജു ജോർജ്ജ് കോഓർഡിനേറ്റർമാർ





ജിജി ടോം

ഫൊക്കാന സാഹിത്യ കമ്മറ്റിയുടെ ചെയർമാനായി ബെന്നി നെച്ചൂർ, വൈസ് ചെയർമാനായി മുരളി ജെ നായർ, കോഓർഡിനേറ്റർമാരായി സോണി അമ്പൂക്കൻ, ഗീത ജോർജ്ജ്, ജോർജ്ജ് നടവയൽ, ബിജു ജോർജ്ജ് എന്നിവരെ തിരഞ്ഞെടുത്തു.

മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ഫൊക്കാന സാഹിത്യ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണെന്നും, നിശ്ചിത ലക്ഷ്യങ്ങൾ കൃത്യമായി പൂർത്തീകരിക്കാൻ ഇത് കമ്മിറ്റിക്ക് പൂർണ്ണമായ രണ്ടു വർഷത്തെ സമയം നൽകുമെന്നും ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു.

മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും പ്രചാരണവും വളർച്ചയും ഫൊക്കാന രൂപീകരണകാലം മുതൽ തങ്ങളുടെ ലക്ഷ്യങ്ങളിലൊന്നായി മുൻനിർത്തിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. 'ഭാഷയ്ക്കൊരു ഡോളർ' പദ്ധതി, കേരള കൺവെൻഷനയിൽ മലയാള സാഹിത്യത്തിന് പ്രത്യേക വേദി, കേരളത്തിലെയും അമേരിക്കയിലെയും എഴുത്തുകാരെ ആദരിക്കൽ, സാഹിത്യ അവാർഡുകൾ നൽകൽ, സാഹിത്യ സെമിനാറുകൾ, പ്രമുഖ മലയാള സാ



ഹിത്യകാരന്മാരെ ഫൊക്കാന കൺവെൻഷനുകളിലേക്ക് ക്ഷണിച്ചുവരുത്തി പങ്കെടുപ്പിക്കൽ തുടങ്ങി നിരവധി ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് സാഹിത്യ രംഗത്ത് ഫൊക്കാന ഇതിനോടകം കാഴ്ചവെച്ചിട്ടുള്ളത്. മലയാളത്തിലെ പ്രമുഖ സാഹിത്യ ഗുരുക്കളായിരുന്ന തകഴി, എംടി, ഒൻവി, സുഗതകുമാരി തുടങ്ങിയവരെ ഫൊക്കാനയിൽ ക്ഷണിച്ചുവരുത്തി ആദരിച്ച ചരിത്രമാണുള്ളത്.

പ്രവാസി സാഹിത്യ പ്രോത്സാഹനവും ഭാഷാ സേവനവും തങ്ങളുടെ ലക്ഷ്യങ്ങളിലൊന്നാണെന്ന് ഫൊക്കാന നേതൃത്വം വ്യക്തമാക്കി. പ്രവാസി മലയാളി എഴുത്തുകാരെയും അവരുടെ കൃതികളെയും അർഹമായ രീതിയിൽ അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ആവശ്യപ്പെട്ട് പ്രമുഖ വായനക്കാരൻ കൂടിയായ മുഖ്യമന്ത്രി ശ്രീ വി.ഡി. സതീശൻ, കേരള സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ പി.സി. വിഷ്ണുനാഥ് എന്നിവരെ തന്റെ അടുത്ത കേരള യാത്രയിൽ നേരിൽ കണ്ട് നിവേദനം നൽകി ഈ ആവശ്യം നടത്തിച്ചെടുക്കുവാൻ വേണ്ടത് ചെയ്യുമെന്നും ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു.



**സോണി അമ്പൂക്കൻ – അഡ്വൈസർ**

സംഘടനാ രംഗത്തും ടെക്നോളജി രംഗത്തും ശ്രദ്ധേയ നേട്ടങ്ങൾ കൈവരിച്ച സോണി അമ്പൂക്കൻ, ലോക കേരള സഭയിലെ അംഗം കൂടിയാണ്. കേരള അസോസിയേഷൻ ഓഫ് കണക്ടിക്കറ്റിന്റെ (കെ.എ.സി.ടി) പ്രവർത്തകനാണ്. ഫൊക്കാനയുടെ നാഷണൽ കമ്മിറ്റി അംഗവും അഡിഷണൽ അസോസിയേറ്റ് ട്രഷററുമായിരുന്നു.

ഫൊക്കാന മലയാളം അക്കാഡമി കമ്മിറ്റി അംഗവും 'അക്ഷരജ്വാല' പരിപാടിയുടെ കോർഡിനേറ്റർമാരിൽ ഒരാളുമായും പ്രവർത്തിച്ചു. ഏഷ്യാനെറ്റ് ന്യൂസുമായി സഹകരിച്ച് നടത്തിയ 'എന്റെ മലയാളം' പദ്ധതിയുടെ പ്രചരണത്തിൽ ഫൊക്കാനയെ ഒന്നാം സ്ഥാനത്തെത്തിച്ചതിന് സോണി അമ്പൂക്കന് മികച്ച ഏകോപനത്തിനുള്ള പുരസ്കാരം ലഭിച്ചിരുന്നു.

കേരള അസോസിയേഷൻ ഓഫ് കണെക്ടിക്കറ്റ് (കെ.എ.സി.ടി) യുടെ 2018-2020 കാലയളവിലെ പ്രസിഡണ്ട് ആയിരുന്നു അദ്ദേഹം. ഇംഗ്ലീഷിലും മലയാളത്തിലും മികച്ച പ്രാസംഗികൻ കൂടിയായ സോണി അമ്പൂക്കൻ ടോസ്റ്റ് മാസ്റ്റേഴ്സ് ഇന്റർനാഷണലിന്റെ ഡിസ്ട്രിക്റ്റ് 51 ന്റെ ഗവർണർ പദവിയും വഹിച്ചിരുന്നു. ഹാർട്ട് ടോസ്റ്റ് മാസ്റ്റേഴ്സ് ഇന്റർനാഷണൽ ലൈഫ് സ്പീഡ് ക്ലബ് പ്രസിഡണ്ട് ആയും സേവനം അനുഷ്ഠിച്ചു. തൃശൂരിലെ പ്രശസ്തമായ അമ്പൂക്കൻ കുടുംബാംഗമായ സോണി മാളക്കടുത്ത് പുത്തൻചിറ സ്വദേശിയാണ്. തൃശൂർ എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ബി.ടെക് ബിരുദം നേടിയ സോണി എൻ.ഐ.ടി. സൂററ്റ്കലിൽ നിന്നും എം.ടെക് നേടി. അമേരിക്കയിലെ വിവിധ നഗരങ്ങളിൽ ഐ.ടി. മാനേജ്മെന്റ് - ലീഡർഷിപ്പ് തലങ്ങളിൽ ദീർഘകാലമായി തിളങ്ങി വരുന്ന മികച്ച ഐ.ടി. പ്രൊഫെഷണൽ ആണ്.





2008 മുതൽ കണക്റ്റിക്കട്ടിൽ സ്ഥിരതാമസമാക്കി. ഇതിനിടെ യൂണിവേഴ്സിറ്റി ഓഫ് ഹാർട്ട്

ഫോഡിൽ നിന്ന് എം.ബി.എ, എം.ഐ.ടി. സ്ലോൺ മാനേജ്മെന്റിൽ നിന്ന് എക്സിക്യൂട്ടീവ് എഡ്യൂക്കേഷൻ എന്നീ ബിരുദങ്ങളും കരസ്ഥമാക്കി.

വിവിധ രംഗങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ച സോണി അമ്പൂക്കൻ ഫൊക്കാനയുടെ സാഹിത്യ കമ്മിറ്റിക്ക് മുതൽക്കൂട്ടാണെന്ന് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു.

**ഗീത ജോർജ്ജ് – കോഓർഡിനേറ്റർ**

മുൻനിര അമേരിക്കൻ സാങ്കേതികവിദ്യാ കമ്പനിയായ എച്ച്.പി.ഇ. (HPE) യിൽ – കാലിഫോർണിയ പ്രിൻസിപ്പൽ ഹാർഡ് വെയർ എഞ്ചിനീയറായി സേവനമനുഷ്ഠിക്കുന്ന ഗീത ജോർജ്ജ് അമേരിക്കയിലെ മലയാളി സമൂഹത്തിനിടയിൽ വേറിട്ട സാന്നിധ്യമാകുന്നു. തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ (CET) നിന്ന് ഇലക്ട്രോണിക്സ് ആന്റ് ടെലികമ്മ്യൂണിക്കേഷനിൽ എഞ്ചിനീയറിംഗ് ബിരുദം നേടിയ ഗീത, കമ്പ്യൂട്ടർ സാങ്കേതികവിദ്യാ രംഗത്ത് സ്വന്തമായ നാല് യു.എസ്. പേറ്റന്റുകളുള്ള അപൂർവം ചില മലയാളികളിൽ ഒരാളാണ്. കാലിഫോർണിയ ലിറ്റററി അസോസിയേഷൻ ഓഫ് മലയാളീസ് (കാലം) സെക്രട്ടറി, ഫൊക്കാനാ 2000 കൺവൻഷൻ ഡയറക്ടർ, ഫൊക്കാന സാഹിത്യ സമ്മേളനം കോർഡിനേറ്റർ, റീജിയണൽ വൈസ് പ്രസിഡൻറ് ( 2015 18), നാഷണൽ കമ്മിറ്റി അംഗം തുടങ്ങി സംഘടനാ പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച്ചവെച്ചിട്ടുണ്ട്. 2026–28–ലെ റീജിയണൽ വൈസ് പ്രസിഡന്റാണ്.

വടക്കേ അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനയായ 'മങ്ക'യുടെ (MANCA - Malayalee Asosciation of Northern California) മുൻ പ്രസിഡന്റായ ഗീത, നിലവിൽ കാലിഫോർണിയ ആസ്ഥാനമായി പ്രവർത്തിക്കുന്ന ചാരിറ്റബിൾ സംഘടനയായ വനിതയുടെ (Vanitha - Indian American Asosciation of Women) ചെയർപേഴ്സണായി പ്രവർത്തിച്ചു വരുന്നു. സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ മികച്ച സേവനങ്ങളെ മുൻനിർത്തി കേന്ദ്ര ഗവൺമെന്റിന്റെ പ്രവാസി ഭാരതി അവാർഡ്, അസോസിയേഷൻ ഓഫ് ഇൻഡോ–അമേരിക്കൻ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

മലയാളത്തിൽ പുറത്തിറങ്ങിയിട്ടുള്ള മിക്ക സാഹിത്യകൃതികളും വായിച്ചിട്ടുള്ള ഗീത, മികച്ചൊരു സാഹിത്യ നിരൂപക കൂടിയാണ്.

**ജോർജ് നടവയൽ – കോഓർഡിനേറ്റർ**

സാമൂഹ്യ പ്രവർത്തനം, സംഘടനാ പ്രവർത്തനം, അദ്ധ്യാപനം, ഗ്രാമീണ ബാങ്കിംഗ്, സഹരണ പ്രസ്ഥാനം, ഗ്രന്ഥശാല, നാടക കല, പത്രപ്രവർത്തനം, നേഴ്സിംഗ് സേവനവും ഇൻസ്പെക്ഷനും എന്നീ രംഗങ്ങളിലും; കവിതകൾ, കഥകൾ, ഗാനങ്ങൾ, തിരനോവൽ, ലഘു നാടകങ്ങൾ, ലേഖനങ്ങൾ എന്നീ രചനാ രംഗങ്ങളിലും വ്യാപൃതൻ.

കേരളാ പബ്ളിക് സർവീസ് കമ്മീഷണിൽ മുൻ സെക്ഷൻ ഓഫീസ്സറായിരുന്നു. നടവയൽ സെന്റ് തോമസ് സ്കൂളിലും, റിയാദിലെ ഇന്ത്യൻ എംബസ്സി സ്കൂളിലും, ഫിലഡൽഫിയാ സ്കൂൾ ഡിസ്ട്രിക്ടിലും മുൻ അദ്ധ്യാപകൻ, ഇന്ത്യൻ എയർ ഫോഴ്സിൽ എഡ്യൂക്കേഷണൽ ഇൻസ്ട്രക്ടർ ട്രെയ്നി, വയനാട് ലൈബ്രറി ആന്റ് ലിറ്ററി കോഓപ്പറേറ്റിവ് സൊസൈറ്റിയുടെയും, വയനാട് ശാന്തിനികേതൻ എഡ്യൂക്കേഷണൽ കോ ഓപ്പാറേറ്റിവ് സൊസൈറ്റിയുടെയും മുൻ ഡയറക്ടർ. ഫീലിപ്പോസ് ഫിലിപ് പ്രസിഡൻറായ ഫൊക്കാനയുടെ നാഷണൽ കമ്മിറ്റി അംഗം. ഫൊക്കാനായിൽ സ്പോക്സ് പേഴ്സണായിരുന്നിട്ടുണ്ട്. മാധവൻ നായർ നേതൃത്വം നൽകുന്ന നാമത്തിൽ അംഗം. ലാനാ മുൻ വൈസ് പ്രസിഡന്റ്, മനീഷി ഡ്രാമ സ്കൂൾ ഡയറക്ടർ, പമ്പാ മുൻ ജനറൽ സെക്രട്ടറി, ട്രൈസ്റ്റേറ്റ് കേരളാ ഫോറം മുൻ ചെയർമാൻ, മാപ് മുൻ ജോയിന്റ് സെക്രട്ടറി, ഇന്ത്യാ പ്രസ് ക്ലബ് ഫിലഡൽഫിയാ ചാപ്റ്റർ മുൻ പ്രസിഡന്റ്, പിയാനോ നേഴ്സിങ് ഓർഗനൈസേഷൻ മുൻ പ്രസിഡന്റ്, ഓർമാ ഇന്റർനാഷണൽ മുൻ പ്രസിഡന്റ്. കോമൺവെൽത്ത് ഓഫ് പെൻസിൽവേനിയയിൽ ഇൻസ്പെക്ഷൻ ഉദ്യോഗം. ജീവശാസ്ത്രം, വിദ്യാഭ്യാസശാസ്ത്രം, നേഴ്സിംഗ് എന്നിവയിൽ ബിരുദങ്ങൾ.. സാമൂഹ്യ ശാസ്ത്രത്തിലും വിദ്യാഭ്യാസ്സ ശാസ്ത്രത്തിലും ബിരുദാനന്തര ബിരുദം.

കുറവിലങ്ങാട് ജന്മദേശം. കുറവിലങ്ങാട് സെന്റ് മേരീസ് ബോയ്സ് സ്കൂൾ, നടവയൽ സെന്റ് തോമസ് ഹൈസ്കൂൾ, കുറവിലങ്ങാട് ദേവമാതാ, സെന്റ് ജോസഫ്സ് ട്രൈയ്നിങ് കോളജ് മാന്നാനം, ഇന്ത്യാ ഗവണ്മെന്റ് റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ, ഗവണ്മെന്റ് ലോ കോളജ് കോഴിക്കോട്, കാലിക്കട്ട് യൂണിവേഴ്സിറ്റി, ഗ്രാന്റ്

കാന്യൻ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം''.

**ബിജു ജോർജ്ജ് – കോഓർഡിനേറ്റർ**

ഇലക്ട്രിക്കൽ എഞ്ചിനീയർ, റിയൽ എസ്റ്റേറ്റ് രംഗത്തെ പ്രമുഖൻ, സിനിമാ നിർമ്മാതാവ്, പ്രവാസി സംഘാടകൻ എന്നീ നിലകളിൽ ശ്രദ്ധേയനാണ് ബിജു ജോർജ്ജ്. സാങ്കേതികവിദ്യ, കല, സാഹിത്യം, സംസ്കാരം എന്നിവയിൽ ദീർഘകാലത്തെ പ്രവർത്തന പാരമ്പര്യമുള്ള വ്യക്തിയാണ് അദ്ദേഹം. ഇന്ത്യയിലും മിഡിൽ ഈസ്റ്റിലും ഔദ്യോഗിക ജീവിതം ആരംഭിച്ച ബിജു ജോർജ്ജ് 1998-ലാണ് കാനഡയിലേക്ക് കുടിയേറുന്നത്. തുടർന്ന് അവിടുത്തെ സെമികണ്ടക്ടർ മേഖലയിൽ പ്രൊഫഷണലായി തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു.

സാഹിത്യത്തെയും സിനിമയെയും നെഞ്ചേറ്റുന്ന അദ്ദേഹം വിവിധ പത്രമാധ്യമങ്ങളിൽ സാഹിത്യ നിരൂപണങ്ങൾ എഴുതിയിട്ടുണ്ട്. ഫീച്ചർ ഫിലിമുകളുടെയും ഡോക്യുമെന്ററികളുടെയും നിർമ്മാണ പങ്കാളിയായ അദ്ദേഹം 'കാൻ ഈസ്റ്റ് ഫിലിംസ്' (Can East Films) എന്ന നിർമ്മാണ കമ്പനിയുടെ സ്ഥാപകൻ കൂടിയാണ്. പരിസ്ഥിതി ബോധവൽക്കരണത്തിനുള്ള ഇന്ത്യൻ രാഷ്ട്രപതിയുടെ ദേശീയ പുരസ്കാരം നേടിയ 'വലിയ ചിറകുള്ള പക്ഷികൾ', ജനപ്രീതി നേടിയ 'ടു കൺട്രീസ്' എന്നീ ചിത്രങ്ങളുടെ ലൈൻ പ്രൊഡ്യൂസറായി പ്രവർത്തിച്ചിട്ടുണ്ട്.

കനേഡിയൻ മലയാളി സമൂഹത്തിനിടയിൽ മികച്ച സംഘാടകൻ കൂടിയായ ബിജു ജോർജ്ജ്, ഇന്ത്യ-കാനഡ അസോസിയേഷൻ പ്രസിഡന്റ്, ഇൻഡോ-കനേഡിയൻ കമ്മ്യൂണിറ്റി സെന്റർ പ്രസിഡന്റ്, ഡയറക്ടർ എന്നീ നിലകളിൽ നേതൃത്വപാടവം തെളിയിച്ചിട്ടുണ്ട്. 2018-ൽ കാനഡയുടെ നാഷണൽ ക്യാപിറ്റൽ റീജിയണിൽ ഭാരതീയ പൈതൃകം, ശാസ്ത്രീയ കലകൾ, സാഹിത്യം, സിനിമ, ബഹുസ്വര സംസ്കാരം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 'ഇൻഡോ-കനേഡിയൻ കൗൺസിൽ ഫോർ ആർട്ട് ആൻഡ് കൾച്ചർ' (ICAC) എന്ന പ്രസ്ഥാനത്തിന് അദ്ദേഹം രൂപം നൽകി.

കാനഡ പാർലമെന്റിൽ ഔദ്യോഗികമായി സംഘടിപ്പിക്കുന്ന ദീപാവലി, ഓണം ആഘോഷങ്ങളുടെ പ്രധാന സംഘാടകരിൽ ഒരാളായ അദ്ദേഹം കാനഡയിലുടനീളമുള്ള സാംസ്കാരിക-സാമൂഹിക പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായി തുടരുന്നു.

**ബെന്നി നെച്ചൂർ – ചെയർമാൻ**

ചെയർമാനായി നിയമിക്കപ്പെട്ട ബെന്നി നെച്ചൂർ, അമേരിക്കൻ മലയാളി സമൂഹത്തിലെ ശ്രദ്ധേയനായ എഴുത്തുകാരനും എഡിറ്ററുമാണ്. 2018-ൽ ഫൊക്കാന സാഹിത്യ അവാർഡ് കമ്മിറ്റി ചെയർമാനായി മികച്ച രീതിയിൽ പ്രവർത്തിച്ച അദ്ദേഹത്തിന്റെ മികവ് മുൻനിർത്തി, 2022, 2024 വർഷങ്ങളിലും അതേ ചുമതലയിൽ തുടരാൻ ഫൊക്കാന നേതൃത്വം അദ്ദേഹത്തോട് ആവശ്യപ്പെടുകയായിരുന്നു.

ഫൊക്കാനയുടെ വിവിധ സുവനീറുകളിൽ പ്രസിദ്ധീകരിച്ച പ്രഗത്ഭരായ എഴുത്തുകാരുടെ കൃതികൾ ഏകോപിപ്പിച്ച് അദ്ദേഹം എഡിറ്റ് ചെയ്ത 'കൈരളി സപര്യ' എന്ന ഗ്രന്ഥം 2018-ലെ ഫിലഡെൽഫിയ കൺവെൻഷനിൽ പ്രകാശനം ചെയ്തിരുന്നു. കൂടാതെ, നിരവധി ഫൊക്കാന സുവനീറുകളുടെയും മറ്റ് സാഹിത്യ-സാംസ്കാരിക പ്രസിദ്ധീകരണങ്ങളുടെയും എഡിറ്ററായും അദ്ദേഹം സ്തുത്യർഹമായി പ്രവർത്തിച്ചിട്ടുണ്ട്.

വടക്കേ അമേരിക്കൻ മലയാളി ജീവിതത്തിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ 65 ചെറുകഥകളുടെ ആന്തോളജിയായ 'അമേരിക്കൻ കഥക്കൂട്ടം', മൂന്ന് നാടകങ്ങൾ ഉൾപ്പെടുത്തിയ 'പുല്ലാന്തറയാറിലെ രംഗമഞ്ചങ്ങൾ', അനുഭവക്കുറിപ്പുകളുടെ സമാഹാരമായ 'പുല്ലാന്തറയാറിലെ ചുഴികൾ' എന്നിവയാണ് ബെന്നി പ്രസിദ്ധീകരിച്ച പ്രധാന പുസ്തകങ്ങൾ. അദ്ദേഹത്തിന്റെ അഞ്ച് കഥകൾ അടങ്ങിയ പുതിയ കഥാസമാഹാരം സെപ്റ്റംബർ മൂന്നാം വാരത്തോടെ പുറത്തിറങ്ങും.

ഇന്ത്യയിൽ നിന്ന് എഞ്ചിനീയറിംഗ് ബിരുവും അമേരിക്കയിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ മാസ്റ്റർ ബിരുദവും നേടിയ ബെന്നി, കേരള എഞ്ചിനീയറിംഗ് ഗ്രാഡുവേറ്റ്സ് അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ (KEAN) സ്ഥാപക നേതാക്കളിലൊരാളും പ്രഥമ പ്രസിഡന്റുമാണ്. ഐടി മേഖലയിൽ പ്രവർത്തിക്കുന്നു.

**മുരളി ജെ. നായർ – വൈസ് ചെയർമാൻ**

മാവേലിക്കര താലൂക്കിലെ കണ്ണനാകുഴി സ്വദേശി. കഴിഞ്ഞ മുപ്പതിലധികം വർഷങ്ങളായി അമേരിക്കയിൽ അഭിഭാഷകനാണ്.

മലയാളത്തിൽ രണ്ടു നോവലു

കളും രണ്ടു ചെറുകഥാസമാഹാരങ്ങളും ഒരു യാത്രാവിവരണവും, ഇംഗ്ളീഷിൽ ഒരു നോവലും (The Monoson Mystic) ഒരു മലയാളനോവലിന്റെ വിവർത്തനവും(Chorashastra: The Subtle Science of Thievery വി.ജെ. ജെയിംസിന്റെ 'ചോരശാസ്ത്ര'ത്തിന്റെ ഇംഗ്ളീഷ് പരിഭാഷ) പ്രസിദ്ധീകരിച്ചിട്ടുണ്ട് .

കൂടാതെ, കേരളത്തിലെ എല്ലാ പ്രമുഖ പത്രമാസികകളിലും അമേരിക്കയിലും ഇംഗ്ലണ്ടിലും ഗൾഫിലുമുള്ള പല പ്രസിദ്ധീകരണങ്ങളിലും ഓൺലൈനിലുമായി അനേകം ലേഖനങ്ങളും ഫീച്ചറുകളും കഥകളും വിവർത്തനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബൈബിളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഒരു പ്രണയത്തെ അധികരിച്ചെഴുതിയ നോവൽ ''പ്രണയത്തിന്റെ ഉല്പത്തി പുസ്തകം'' ആണ് ഏറ്റവും പുതിയ കൃതി.

2000-ത്തിലെ ഫൊക്കാന ചിന്താധാര സ്വർണമെഡൽ, മറ്റു ഫൊക്കാന അവാർഡുകൾ, മാമ്മൻ മാപ്പിള അവാർഡ്, ഹ്യൂസ്റ്റൺ റൈറ്റേഴ്സ് ഫോറം അവാർഡ് എന്നിവയടക്കം പല സാഹിത്യപുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

1992 മുതൽക്ക്, ഫൊക്കാന കൺവെൻഷനുകളുടെ ഭാഗമായി നടത്തപ്പെടുന്ന സാഹിത്യസമ്മേളനങ്ങളിൽ പലതിലും സജീവപങ്കാളിത്തം വഹിച്ചിട്ടുണ്ട്.

ലോകസഞ്ചാരികൂടിയായ മുരളി ജെ. നായർ ഇതിനകം നൂറ്റിമുപ്പതിലധികം രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ഫിലഡെൽഫിയയിൽ സ്വന്തമായി നിയമസ്ഥാപനം നടത്തുന്നുണ്ടെങ്കിലും ഇപ്പോൾ കൂടുതൽ സമയവും ലോകയാത്രകൾക്കായി മാറ്റിവെച്ചിരിക്കുകയാണ്.

പുതിയ നിയമനങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റി ഭാരവാഹികളായ പ്രസിഡന്റ്: ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിൻഡോ ജോളി, വൈസ് പ്രസിഡന്റ് ജോസി ജെ. കാരക്കാട്ട്, അസോസിയേറ്റ് സെക്രട്ടറി സോണി തോമസ് അമ്പൂക്കൻ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി അജു ഉമ്മൻ, അസോസിയേറ്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മരിയ ജോസഫ്, വുമൺസ് ഫോറം ചെയർ ഷൈനി രാജു എന്നിവർ ഐക്യകണ്ഠേന സ്വാഗതം ചെയ്തു:



NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।




- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# മന്ത്ര ശാക്തേയം 2027: ധന്യ ദീപു വെൽക്കം കമ്മിറ്റി ചെയർ




രഞ്ജിത്ത്

സ്റ്റാംഫോർഡ്, കണക്റ്റിക്കട്ട്: Malayalee Asosciation of North American Hindus (*MANTRAH) സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര കൺവെൻഷനായ ശാക്തേയം 2027-ന്റെ വെൽക്കം കമ്മിറ്റി ചെയറായി ധന്യ ദീപുവിനെ ചുമതലയേറ്റു. 2027 ജൂലൈ 2 മുതൽ 5 വരെ കണക്റ്റിക്കട്ടിലെ സ്റ്റാംഫോർഡിലുള്ള DoubleTree by Hiltonലാണ് ശാക്തേയം 2027 അരങ്ങേറുന്നത്.

വടക്കേ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നും മറ്റു രാജ്യങ്ങളിൽ നിന്നുമായി കൺവെൻഷനിൽ പങ്കെടുക്കാനെത്തുന്ന പ്രതിനിധികൾ, കുടുംബങ്ങൾ, വിശിഷ്ടാതിഥികൾ, ആത്മീയാചാര്യന്മാർ, കലാകാരന്മാർ, വിവിധ സംഘടനാ പ്രതിനിധികൾ എന്നിവരെ സ്വീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വെൽക്കം കമ്മിറ്റി ചെയർ എന്ന നിലയിൽ ധന്യ ദീപു നേതൃത്വം നൽകും.

കൺവെൻഷനിലെത്തുന്ന ഓരോരുത്തർക്കും MANTRAH കുടുംബത്തിന്റെ സ്നേഹവും ആതിഥ്യമര്യാദയും അനുഭവപ്പെടുന്ന തരത്തിൽ ഊഷ്മളവും ചിട്ടയാർന്നതുമായ സ്വീകരണം ഒരുക്കുകയാണ് കമ്മിറ്റിയുടെ പ്രധാന ലക്ഷ്യം. പരിപാടികളുടെ സംഘാടനത്തിലും ഏകോപനത്തിലും, പ്രത്യേകിച്ച് ഇവന്റ് മാനേജ്മെന്റ്, ഡെക്കറേഷൻ മേഖലകളിലും ധന്യ ദീപുവിനുള്ള പരിചയസമ്പത്തും കഴിവുകളും ശാക്തേയം 2027-ന് വലിയ മുതൽക്കൂട്ടാകും.

കൺവെൻഷനിലെത്തുന്ന ഓരോ അതിഥിയെയും ഹൃദ്യമായി വരവേൽക്കുന്നതിൽ അവരുടെ നേതൃത്വത്തിലുള്ള വെൽക്കം കമ്മിറ്റി ഊർജ്ജസ്വലമായി പ്രവർത്തിക്കുമെന്ന് MANTRAH പ്രസിഡന്റ് ശ്രീ കൃഷ്ണരാജ് മോഹനൻ പറഞ്ഞു.

ധന്യ ദീപുവിന്റെ സർഗാത്മകതയും സൂക്ഷ്മമായ ആസൂത്രണവും എല്ലാവരെയും ഒരുമിപ്പിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള കഴിവും വെൽക്കം കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തേകുമെന്ന് കൺവെൻഷൻ ചെയർ ഷിബു ദിവാകരൻ അഭിപ്രായപ്പെട്ടു.

ശാക്തേയം 2027 - ലേക്ക് എത്തുന്ന ഓരോ അതിഥിക്കും തുടക്കം മുതൽ നല്ലൊരു അനുഭവം നൽകുക എന്നതാണ് തന്റെ പ്രധാന ശ്രദ്ധ.

സ്നേഹത്തോടെയും സന്തോഷത്തോടെയും എല്ലാവരെയും സ്വീകരിച്ച്, ഇവിടെ എത്തുന്ന നിമിഷം മുതൽ അവർ MANTRAH കുടുംബത്തിന്റെ ഭാഗമാണെന്നൊരു അനുഭവം നൽകാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. അതിനായി മികച്ചൊരു ടീമിനൊപ്പം പ്രവർത്തിക്കാൻ കഴിയുന്നതിൽ ഏറെ സന്തോഷമുണ്ടെന്നും ധന്യ ദീപു അഭിപ്രായപ്പെട്ടു.

ശാക്തേയം 2027-ന്റെ ഒരുക്കങ്ങൾ സജീവമായി മുന്നോട്ടുപോകുന്നതിനൊപ്പം, വിവിധ മേഖലകളിൽ പരിചയസമ്പത്തും പ്രവർത്തനമികവുമുള്ളവരെ ഉൾപ്പെടുത്തി കൺവെൻഷന്റെ വിവിധ കമ്മിറ്റികളും ശക്തിപ്പെടുത്തി വരികയാണ് MANTRAH. *ധർമ്മം, സംസ്കാരം, ഐക്യം, സമൂഹബന്ധം* എന്നിവ ഒരുമിക്കുന്ന സവിശേഷമായ ആഘോഷമായി ശാക്തേയം 2027-നെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

**നിരീക്ഷണം:**

# ഓണത്തിന്റെ ഒരുമ തുടരട്ടെ!



### രാജു മൈലപ്രാ

ലോകത്തിന്റെ ഏതു കോണിലായാലും, മലയാളികൾ ഒരു മനസ്സോടെ, ഒരു കുടക്കീഴിൽ ഒത്തൊരുമിച്ച് ആഘോഷിക്കുന്ന ഒരേയൊരു ഉത്സവമേയുള്ളൂ - ഓണം!

അമേരിക്കൻ മലയാളികളുടെ ഓണാഘോഷങ്ങൾ മാസങ്ങളോളം നീളുന്നു.

ഒരേ നഗരത്തിൽ തന്നെ, പല പേരുകളിൽ, പല മലയാളി സംഘടനകൾ പ്രവർത്തിക്കുന്നതിനാൽ, പലവട്ടം ഓണസദ്യ ഉണ്ണുവാനുള്ള ഭാഗ്യം അമേരിക്കൻ മലയാളികൾക്കുണ്ട്.

ചെറിയ പടലപിണക്കങ്ങൾ മൂലം വഴിപിരിഞ്ഞവർ, മനോഹരമായി അലങ്കരിച്ച ഒരു പൂക്കളം പോൽ, ഒരേ വേദിയിൽ ഒരുമിക്കുന്നത് കാണുന്നത് സന്തോഷമുളവാക്കുന്ന ഒരു കാഴ്ചയാണ്.

ഭാരവാഹികൾ മാറി വന്നാലും, ഓണാഘോഷങ്ങളിൽ പങ്കെടുക്കുന്ന സാധാരണ മലയാളികൾക്ക് ഇതൊന്നും ബാധകമല്ല.

പരമ്പരാഗത ഓണക്കോടികൾ അണിഞ്ഞ് അവർ ഒരുമിക്കുന്നു. ജാതി, മത, വർഗ്ഗ, വർണ്ണ വിവേചനമില്ലാതെ ഒരുമിച്ചിരുന്ന് 'ഒരേ ഇലയിൽ' വിളമ്പുന്ന ഓണസദ്യ അവർ ആസ്വദിക്കുന്നു.

### ഓണസദ്യ:

ഓണാഘോഷങ്ങൾ കഴിഞ്ഞാലും ഓർമ്മയിൽ തങ്ങിനിൽക്കുന്നത് ഓണസദ്യയുടെ രുചിയാണ്. ലഭ്യത അനുസരിച്ച് ഓണസദ്യ വാഴയിലയിൽ വിളമ്പുന്നതാണ് അഭികാമ്യം. ഉപ്പേരി, പപ്പടം, എരിശേരി, പുളിശേരി, സാമ്പാർ, ഇഞ്ചിക്കറി, രസം- വിഭവങ്ങളുടെ പട്ടിക നീളുന്നു. തുടർന്ന് ചൂടോടെ വിളമ്പുന്ന ചോറിനൊപ്പം, പരിപ്പും, നെയ്യും അവസാനം അടപ്രഥമനും, ശർക്കര പായസവും കൂടിയാകുമ്പോൾ സദ്യ പ്രമാദം.

വിഭവങ്ങളുടെ എണ്ണത്തിനൊപ്പം ശ്രദ്ധിക്കേണ്ട ഏറ്റവും

പ്രധാനപ്പെട്ട ഒരു കാര്യമാണ് സദ്യ സമയബന്ധിതമായും ചൂടോടെയും വിളമ്പുക എന്നത്. മണിക്കൂറുകളോളം കാത്തിരുന്ന ശേഷം, തണുത്ത ചോറും കറികളും ലഭിക്കുന്നത് സദ്യയുടെ ആസ്വാദ്യത കുറയ്ക്കും.

### മഹാബലിയുടെ എഴുന്നള്ളത്ത്:

തന്റെ പ്രജകളെ കാണുവാൻ ആണ്ടിലൊരിക്കൽ എഴുന്നള്ളുന്ന മാവേലി തമ്പുരാന് ഉചിതമായ ഒരു വരവേല്പ് നൽകിയില്ലെങ്കിൽ എന്ത് ഓണാഘോഷം?

താലപ്പൊലി, മുത്തുക്കുട, ചെണ്ടമേളം എന്നിവയുടെ അകമ്പടിയോടെ നടത്തപ്പെടുന്ന മഹാബലിയുടെ എഴുന്നള്ളത്ത്. ചെണ്ടയുടെ താളവും, താലപ്പൊലിയുടെ വർണ്ണാഭമായ കാഴ്ചയും, നമ്മുടെ മനസ്സിനെ മലയാളക്കരയിലേക്ക് ഒരിക്കൽക്കൂടി മടക്കിക്കൊണ്ടുപോകുന്നു.

ആഘോഷങ്ങൾ നിയമം അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിൽ തന്നെയാവട്ടെ! സമീപവാസികൾക്ക് ഇതൊരു അരോചകമായ അനുഭവം ആകാതിരിക്കട്ടെ!

### നിലവിളക്ക്:

ഒരു പരിപാടിയുടെ ഉദ്ഘാടനം നിലവിളക്ക് കൊളുത്തി ആരംഭിക്കുന്നത് നമ്മുടെ പാരമ്പര്യത്തിന്റെ മനോഹരമായ ഒരു ഭാഗമാണ് - എന്നാൽ ഏഴു തിരിയുള്ള ഒരു നിലവിളക്കിൽ എഴുപത് പേർ തിരിതെളിയിക്കണമെന്ന് വാശിപിടിക്കുന്നതു ശരിയല്ല. ക്ഷണിക്കപ്പെട്ട പ്രധാന അതിഥികളും, സംഘാടകരുടെ പ്രതിനിധികളും ചേർന്ന് ലളിതവും, ഭംഗിയോടെയും ഈ കർമ്മം നിർവ്വഹിക്കുന്നതല്ലേ കൂടുതൽ അഭികാമ്യം.?

### ഓണസന്ദേശങ്ങൾ:

ഓണാഘോഷങ്ങളിൽ പങ്കെടുക്കാനെത്തുന്നവർ നീണ്ട പ്രസംഗങ്ങൾ കേൾക്കുവാനല്ല വരുന്നത്. ഓണത്തിന്റെ ചരിത്രം പറഞ്ഞ് ആവർത്തന വിരസത ഉണ്ടാക്കരുത്- കുട്ടികൾക്കുവേണ്ടി വേണമെങ്കിൽ ഒരു ചെറിയ documentary തയ്യാറാക്കാം. (അവരത് ശ്രദ്ധിച്ചില്ലെങ്കിൽ തന്നെയും).

ഓണത്തിന്റെ സന്തോഷവും, സദ്യയുടെ രുചിയും, കലാപരിപാടികളുടെ ആസ്വാദനവുമാണ് ആളുകളെ കൂടുതൽ ആകർഷിക്കുന്നത്. അതിനിടെ അരോചകമായ പ്രസംഗങ്ങൾ ഒരു കല്ലുകടിയാവരുത്. വേദിയിലെ പ്രാസംഗികരുടെ എണ്ണം പരമാവധി ചുരുക്കണം.

പലരും നേരത്തെ ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ അമേരിക്കയിലെ 'പഞ്ചായത്ത് തലം മുതൽ, പാർലമെന്റിലേക്ക് വരെ' തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഒരു പരേഡായി നമ്മുടെ സമ്മേളനങ്ങൾ മാറരുത്. ഇവരുടെ 'over expouse' അരോചകമായി മാറുന്നുണ്ട്. ഇവരിൽ പലരും ഭാരവാഹികളുമായും ബന്ധപ്പെട്ട് ഒരു 'self invitation' നടത്താറുണ്ടെന്ന് അറിയുവാൻ കഴിഞ്ഞു.



ഇവരോട് എനിക്ക് വിനീതമായ ഒരു അഭ്യർത്ഥനയുണ്ട്. അമേരിക്കയിൽ ഓണം ഒരു ദേശീയ അവധിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് ദയവായി ഒരു ബില്ലും നിയമനിർമാണ സഭകളിൽ അവതരിപ്പിക്കരുത്. ഇപ്പോൾ തന്നെ ഈ അവധിക്കാര്യത്തിൽ ആവശ്യത്തിലേറെ തലവേദന നമ്മുടെ പ്രതിനിധികൾ നൽകുന്നുണ്ട്.

## നുഴഞ്ഞുകയറ്റക്കാർ:

ഒരു ഓണാഘോഷം സംഘടിപ്പിക്കുന്നതിൽ വലിയ സാമ്പത്തിക ചിലവുണ്ട്. ഓഡിറ്റോറിയം വാടക, ഭക്ഷണം, രംഗ സംവിധാനം തുടങ്ങി നിരവധി ഇനങ്ങൾ-

സംഘാടകർ നിശ്ചയിച്ചിരിക്കുന്ന മിതമായ പ്രവേശന ഫീസ് നൽകാതെ, അവരുടെ കണ്ണുവെട്ടിച്ച്, അകത്തു കടക്കുന്ന 'നുഴഞ്ഞുകയറ്റക്കാർ' ഇക്കാലത്തും ധാരാളമുണ്ടെന്ന് പല ഭാരവാഹികളും വെളിപ്പെടുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, സാമ്പത്തിക സഹായഹസ്തം നീട്ടുന്ന സ്പോൺസർമാരെ അംഗീകരിക്കുകയും, ആദരിക്കുകയും ചെയ്യേണ്ടത് ന്യായമായ ഒരു കടമയാണ്. ആദരവ് അതിരുകടന്ന്, പരിപാടിയുടെ സമയക്രമത്തിന്റെ താളം തെറ്റാതിരിക്കുവാൻ സംഘാടകർ ശ്രദ്ധിക്കുക.

## ശുചിമുറി ഉപയോഗം:

വലിയ ജനപങ്കാളിത്തമുള്ള പരിപാടികളിൽ ശുചിമുറി സൗകര്യങ്ങൾ പലപ്പോഴും പരിമിതമായിരിക്കും. മറ്റുള്ളവരെക്കൂടി പരിഗണിച്ച് ടോയ്‌ലറ്റ് വൃത്തിയായി സൂക്ഷിക്കണം. ഫോണിലെ മെസേജ് നോക്കുന്നതും, ഫേസ്ബുക്കിൽ കണ്ണോടിക്കുന്നതും വീട്ടിൽ ചെന്നിട്ടുപോരെ? ചുരുക്കത്തിൽ നമുക്കും പിന്നാലെ വരുന്നയാൾക്കും ഇതേ സൗകര്യം ഉപയോഗിക്കാനുണ്ട് എന്ന ബോധത്തോടെ, നമ്മുടെ 'AIR INDIA TOILET' സംസ്കാരം ഉപേക്ഷിക്കണം.

## ഒരു ചെറിയ കരുതൽ:

ആഘോഷ പരിപാടികൾ പലപ്പോഴും മണിക്കൂറുകളോളം നീണ്ടുനിൽക്കും. കുട്ടികളും, മുതിർന്നവരും, ദൂരത്തുനിന്നുള്ള കുടുംബങ്ങളും ഇതിൽ പങ്കെടുക്കുമ്പോൾ ലഘുഭക്ഷണവും, കുടിവെള്ളവും (കാൻഡി, സോഡാ, കോഫി) ലഭ്യമാക്കേണ്ടത്. പ്രധാനമാണ്. ഇതിനായി outside vendorsന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

## പാർക്കിംഗ്:

പാർക്കിംഗ് കാര്യത്തിൽ നമ്മൾ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ചിലപ്പോൾ, സൗകര്യപ്രദമായ ഒരു സ്ഥലം കണ്ടാൽ, മറ്റൊരു വാഹനത്തിന് പുറത്തേക്കു പോകുവാൻ തടസ്സം ആകുമെന്ന് ചിന്തിക്കാതെ വാഹനം പാർക്ക് ചെയ്യുന്ന ഒരു പ്രവണത കാണാറുണ്ട്.

ഏതു സമയത്തും അടിയന്തര സാഹചര്യം ഉണ്ടാകാം. മറ്റു പൊതു ഇടങ്ങളിൽ പാർക്കിംഗ് നിർദേശങ്ങൾ കർശനമായി പാലിക്കുന്ന മലയാളികൾ, അവർ ഒത്തുകൂടുന്ന സ്ഥലങ്ങളിൽ ഈ നിർദേശം കൃത്യമായി പാലിക്കാറില്ല.

'കുറച്ചു നേരത്തേക്കല്ലേ!' എന്ന നമ്മുടെ മനോഭാവം, മറ്റുള്ളവർക്ക് പലപ്പോഴും വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചേക്കാം. നമ്മുടെ അശ്രദ്ധ മറ്റുള്ളവരുടെ ദുരിതത്തിന് കാരണം ആവാതിരിക്കട്ടെ!

അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ ഓണാഘോഷങ്ങൾ നമ്മുടെ സംസ്കാരത്തിന്റേയും, പാരമ്പര്യത്തിന്റേയും അഭിമാനകരമായ പ്രതീകങ്ങളാണ്. എന്നാൽ പാരമ്പര്യം സംരക്ഷിക്കുന്നതിനൊപ്പം, കാലത്തിനും, സാഹചര്യത്തിനും അനുയോജ്യമായ മാറ്റങ്ങൾ സ്വീകരിക്കാൻ നമ്മൾ തയാറാകണം.

ഈവർഷം ഇതിനോടകം അഞ്ച് ഓണസദ്യ ആസ്വദിച്ചു കഴിഞ്ഞു. എല്ലാം ഒന്നിനൊന്ന് മെച്ചം! ചെറുതും വലുതുമായ എല്ലാ ആഘോഷങ്ങളുടേയും സംഘാടകർക്ക് നന്ദി. അവരുടെ ആത്മാർത്ഥതയ്ക്കും, അർപ്പണബോധത്തിനും. കഠിന പ്രയത്നത്തിനും ഒരു ബിഗ് സല്യൂട്ട്!

നമ്മുടെ മനസ്സിൽ, കുടുംബങ്ങളിൽ, സമൂഹത്തിൽ എന്നുമെന്നും ഓണത്തിന്റെ നന്മകളുടെ വർണ്ണ പ്രപഞ്ചം പ്രകാശം പരത്തട്ടെ!

ഒരുമയോടുള്ള ആഘോഷങ്ങൾ തുടരാം!

ഒരിക്കൽക്കൂടി എല്ലാവർക്കും ഓണാശംസകൾ

# Blue Ocean Wealth Solutions

A member of the MassMutual Financial Group

Celebrating 30 Yrs Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**

**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

~~Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US~~ insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# കണ്ണ് നിറഞ്ഞ്, മനം നിറഞ്ഞ് ന്യൂ ജെഴ്സി

## മാജിക്കും സംഗീതവും മനുഷ്യസ്നേഹവും ചേർന്ന MCUBE അവിസ്മരണീയ സായാഹ്നമായി



**ഡോ. ബേബി സാം സാമുവൽ**

ചില കലാ സന്ധ്യകൾ കാണാം. ചിലത് ആസ്വദിക്കാം. പക്ഷേ, ചിലത് മനസ്സ് കൊണ്ട് അനുഭവിക്കേണ്ടവ യാണ്.

236 Old Tappan Road ൽ അരങ്ങേറിയ MCUBE - Magic, Melody, Message അത്തരമൊരു സായാഹ്നമായിരുന്നു. നിറഞ്ഞ സദസ്സിനെ സാക്ഷിയാക്കി അരങ്ങേറിയ പരിപാടി, മാജിക്കിന്റെയും സംഗീതത്തിന്റെയും കലാ വിരുന്നിനപ്പുറം മനുഷ്യസ്നേഹത്തിന്റെയും സാമൂഹിക ഉത്തരവാദിത്വത്തിന്റെയും ഹൃദയസ്പർശിയായ അനുഭവമായി മാറി. ന്യൂയോർക്കിന്റെയും ന്യൂജഴ്സിയുടെയും വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ മലയാളികൾ സാക്ഷ്യം വഹിച്ച ആ സായാഹ്നത്തിൽ വിസ്മയവും കൈയടികളും മാത്രമല്ല ഉണ്ടായിരുന്നത്. ചില നിമിഷങ്ങളിൽ സദസ് നിശ്ശബ്ദമായി; ചില വാക്കുകൾ, കാഴ്ചകൾ, കണ്ണുകളെ ഈറനണിയിച്ചു; ചില തീരുമാനങ്ങൾ ഹൃദയങ്ങളിൽ പുതിയ പ്രതിജ്ഞകളായി മാറി.


Y's Men Service Club of New York Dw Kerala Times Entertainments ഉം സംയുക്തമായി നേതൃത്വം നൽകിയ പരിപാടിയ്ക്ക്, മുഖ്യ കോർഡിനേറ്ററും Different Arts Centre ന്റെ അഡ്വൈസറി ബോർഡ് മെമ്പറും ആയ ശ്രീ പോൾ കറുകപ്പള്ളിൽ,

അധ്യക്ഷത വഹിച്ചു. റെവ. പോൾ രാജന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ശ്രീ നോവ ജോർജ്ജ് സ്വാഗതവും, Different Arts Centre അഡ്വൈസറി ബോർഡ് മെമ്പർ ആയ ഡോ. ബേബി സാം സാമൂവൽ ആശംസകളും അർപ്പിച്ചു. ശ്രീ അലക്സ് തോമസ് ആണ് പരിപാടിയുടെ നിയന്ത്രണം നിർവഹിച്ചത്.

MCUBEയുടെ ന്റെ മൂന്ന് ഘടകങ്ങൾ - Magic, Melody, Message വെവ്വേറെ നിൽക്കുന്ന അനുഭവങ്ങളായിരുന്നില്ല പരസ്പരം ലയിച്ചുചേർന്നവയായിരുന്നു. മാജിക് വിസ്മയിപ്പിച്ചു. സംഗീതം ഹൃദയത്തെ തൊട്ടു. സന്ദേശങ്ങൾ മനസ്സാക്ഷിയെ ഉണർത്തി.

ഭിന്നശേഷിക്കാരായ മനുഷ്യരുടെ കഴിവുകളെയും അവകാശങ്ങളെയും സ്വപ്നങ്ങളെയും സമൂഹത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ, കാസർഗോഡിൽ ഒരുങ്ങുന്ന International Institute for People with Disabilities (IIPD) എന്ന മഹത്തായ പദ്ധതിക്ക് പിന്തുണ നൽകുക എന്നതായിരുന്നു പരിപാടിയുടെ പ്രധാന ലക്ഷ്യം. മാജിക്കിന്റെ ലോകത്ത് പ്രശസ്തിയുടെ ഉന്നതിയിൽ നിൽക്കുമ്പോൾ തന്റെ നേട്ടങ്ങളെല്ലാം ഉപേക്ഷിച്ച് ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സമർപ്പിക്കപ്പെട്ട ശ്രീ. ഗോപിനാഥ് മുതുകാടിന്റെ ജീവിതം , ആത്മ സമർപ്പണത്തിന്റെ മാതൃകയായി. Different Art Centre (DAC) വഴി ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാ-കായിക-തൊഴിൽ കഴിവുകൾ കണ്ടെത്തി വളർത്തിയെടുത്ത അനുഭവമാണ് IIPD എന്ന വലിയ സ്വപ്നത്തിന് പ്രചോദനം.





ഒരു കൊച്ചു പെൺകുട്ടിയുടെ വാക്കുകൾ പരിപാടിയുടെ വികാരനിർഭരമായ നിമിഷങ്ങളിൽ ഒന്നായിരുന്നു, സാറാ തോമസ് എന്ന കൊച്ചു പെൺകുട്ടി വേദിയിലെത്തി നടത്തിയ പ്രഖ്യാപനം: ഈ പ്രോഗ്രാമിൽ പങ്കെടുക്കാൻ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു എന്നും, തനിക്ക് ലഭിച്ച സമ്പാദ്യമൊക്കെ ഇത്തരത്തിലുള്ള കുട്ടികൾക്കായി മാറ്റിവയ്ക്കും എന്നുമുള്ള സാറയുടെ വാക്കുകളെ സദസ് നിറഞ്ഞ കൈയടിയോടെയാണ് സ്വീകരിച്ചത്. ആ കൊച്ചു പെൺകുട്ടിയോടൊപ്പം മറ്റനേകരും തങ്ങളാൽ കഴിയുന്ന വിധത്തിൽ ഈ







ദൗത്യത്തിനൊപ്പം നിൽക്കാനുള്ളതങ്ങളുടെ ഉറച്ച സന്നദ്ധത പ്രഖ്യാപിച്ചു.

I-I-P-Dയുടെ നിർമാണത്തിനായി ഭൂമി സംഭാവന ചെയ്ത അന്തരിച്ച എം. കെ. ലൂക്കാ സാറിനെയും ചടങ്ങിൽ ആദരവോടെ അനുസ്മരിച്ചു. ഓണത്തിന്റെ ആഘോഷവേളയിൽ നടന്ന MCUBEആഘോഷങ്ങളുടെ സന്തോഷത്തിനൊപ്പം സമൂഹത്തിന്റെ വിളുമ്പിൽ നിൽക്കുന്ന മനുഷ്യരെയും ചേർത്തുപിടിക്കണമെന്ന് ഓർമിപ്പിക്കുന്നതായിരുന്നു.

MCUBE ഒരു കലാപരിപാടി മാത്രമായിരുന്നില്ല ഒരിക്കലും മായാത്ത അനുഭവമായിരുന്നു കണ്ണ് നിറഞ്ഞ്. മനം നിറഞ്ഞ് മാത്രം ഓരോ വ്യക്തിയും മടങ്ങിപ്പോയ മനോഹരമായൊരു സന്ധ്യ.









emalayalee.com
Great News!
NOW YOU CAN
INSTANTLY
PLACE YOUR ADVT
or
BOOK YOUR AD SPACE
ON
eMalayalee.com
TARGET MALAYALEE AUDIENCE
THOUSANDS OF DAILY VISITORS
BOOST YOUR BRAND VISIBILITY
EASY, FAST & EFFECTIVE
WIDE ONLINE REACH
PREMIUM AD SPACES AVAILABLE
TRUSTED MEDIA PLATFORM
Just Click
eMalayalee.com/Advertise

# കേരള കൾച്ചറൽ ഫോറം ഓഫ് ന്യൂജേഴ്സിയുടെ ഓണാഘോഷം ശ്രദ്ധേയമായി







ജോർജ് നടവയൽ

ഫിലഡൽഫിയ: ഉത്തരവാദ മാധ്യമപ്രവർത്തനത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും സന്ദേശമുയർത്തി, ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐ.പി.സി.എൻ.എ), ഫിലഡൽഫിയ ചാപ്റ്ററിന്റെ, 2026-2028 പ്രവർത്തനവർഷങ്ങളുടെ, ഉദ്ഘാടനം പ്രൗഢമായി നടന്നു. മാധ്യമസാമൂഹികസാംസ്കാരിക രംഗങ്ങളിലെ പ്രമുഖരുടെയും, വിവിധ സംഘടനാ പ്രതിനിധികളുടെയും പങ്കാളിത്തം കൊണ്ട് പ്രവർത്തനോദ്ഘാടനം ഗംഭീരമായി.

"ജീർണ്ണതയ്ക്കും മൂല്യച്യുതിക്കും എതിരായ ജേർണലിസത്തിന്റെ ജനുസ്സിലാണ് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ സ്ഥാനം" എന്ന ആശയം സമ്മേളനത്തിന്റെ സന്ദേശമായി ഉയർന്നു. വാർത്തകളുടെ വേഗത്തിനും മത്സരത്തിനും അപ്പുറം, സത്യസന്ധതയും വിശ്വാസ്യതയും സാമൂഹിക ഉത്തരവാദിത്തവും കാത്തുസൂക്ഷിക്കുന്ന മാദ്ധ്യമ പ്രവർത്തനമാണ്, ഇന്നിന്റെ




ആവശ്യം എന്ന്, പ്രഭാഷകർ ഊന്നിപ്പറഞ്ഞു..

മൗനപ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്റർ പ്രസിഡന്റ് ലിജോ ജോർജ് അധ്യക്ഷത വഹിച്ചു. ഫിലഡൽഫിയ സിറ്റി കൗൺസിലർ ഡോ. നീന അഹമ്മദ് മുഖ്യാതിഥിയായി പ്രസംഗിച്ചു. പ്രശസ്ത വാഗ്മിയും സാഹിത്യകാരനുമായ പ്രൊഫ. കോശി തലക്കൽ വിജ്ഞാനപ്രഭാഷണം നടത്തി. ഐ.പി.സി.എൻ.എ അഡ്വൈസറി ബോർഡ് ചെയർമാനും മുൻ നാഷണൽ പ്രസിഡന്റുമായ സുനിൽ ട്രൈസ്റ്റാർ ദേശീയ ഐ.പി.സി.എൻ.എ യുടെ വളർച്ചയെക്കുറിച്ചും പദ്ധതികളെക്കുറിച്ചും സംസാരിച്ചു.

അസൻഷൻ മാർത്തോമാ ചർച്ച് വികാരി ഫാ. ജോജി എം. മാത്യു, ഐ.പി.സി.എൻ.എ മുൻ നാഷണൽ ജനറൽ സെക്രട്ടറി വിൻസന്റ് ഇമ്മാനുവേൽ, ഡബ്ല്യു.എം.എഫ് പ്രസിഡന്റ് ഡോ. ആനി ലിബു, സിനിമാ കലാകാരിയും മാധ്യമപ്രവർത്തകയുമായ സുവർണ മാത്യു, ജോർജ് നടവയൽ, ജീമോൻ ജോർജ്, അരുൺ കോവാട്ട്, അലക്സ് തോമസ് (പമ്പ), ബിന്ദു ഏബ്രാഹം (പിയാനോ) എന്നിവർ ആശംസകൾ നേർന്നു.

ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്റർ വൈസ് പ്രസിഡന്റ് സുധ കർത്ത സ്വാഗതവും ട്രഷറർ റോജിഷ് സാമുവേൽ നന്ദിയും പ്രകാശിപ്പിച്ചു. കലാകാരിയും നഴ്സ് പ്രാക്ടീഷണറുമായ സിർലി ജീവൻ മാസ്റ്റർ ഓഫ് സെറിമണിയായി സമ്മേളന നടപടികൾ ചിട്ടയോടെ ഏകോപിപ്പിച്ചു. യുവചലച്ചിത്രതാരം റേച്ചൽ ഉമ്മൻ അമേരിക്കൻ ദേശീയഗാനവും ജൈസൺ ഫിലിപ്പ് ഇന്ത്യൻ ദേശീയഗാനവും ആലപിച്ചു.

**ഭദ്രദീപം തെളിച്ച് 2026–2028 പ്രവർത്തനങ്ങൾക്ക് തുടക്കം**

വിശിഷ്ടാതിഥികൾ ചേർന്ന് ഭദ്രദീപം തെളിച്ചതോടെയാണ്



ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്ററിന്റെ 2026–2028 കാലയളവിലേക്കുള്ള പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക തുടക്കമായത്.

പുതിയ തലമുറയെ മാധ്യമരംഗത്തേക്ക് ആകർഷിക്കുകയും മാധ്യമപ്രവർത്തനത്തിൽ താൽപര്യമുള്ള വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ ജേർണലിസം വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പദ്ധതി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ചാപ്റ്റർ ആസൂത്രണം ചെയ്യുന്നുണ്ടെന്ന് പ്രസിഡന്റ് ലിജോ ജോർജ് അറിയിച്ചു. മാധ്യമപ്രവർത്തകരെ ഒരുമിപ്പിക്കുന്നതിനൊപ്പം പുതിയ തലമുറയ്ക്ക്പരിശീലനവുംപ്രോത്സാഹനവും നൽകുന്ന പ്രവർത്തനങ്ങൾക്കും ഫിലഡൽഫിയ ചാപ്റ്റർ മുൻഗണന നൽകുമെന്ന് അദ്ദേഹം വ്യക്തമാക്കി.







**ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്ററിൽ ആദരവുകൾ:**

ഫിലഡൽഫിയ സിറ്റി കൗൺസിലിന്റെ പ്രശംസാപത്രം (Citation/Commendation) സിറ്റി കൗൺസിലർ ഡോ. നീന അഹമ്മദ് ചാപ്റ്റർ പ്രസിഡന്റ് ലിജോ ജോർജിന് സമ്മാനിച്ചത് സമ്മേളനത്തിന്റെ ശ്രദ്ധേയ നിമിഷമായി.



പ്രൊഫ. കോശി തലക്കലിനെ, സാമൂഹികവിദ്യാഭ്യാസ രംഗത്തെ അമൂല്യ സംഭാവനകൾ മാനിച്ച്, സിറ്റി കൗൺസിലർ ഡോ. നീന അഹമ്മദും, ഇന്ത്യ പ്രസ് ക്ലബ് അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ ട്രൈസ്റ്റാറും ചേർന്ന്, പൊന്നാട അണിയിച്ച് ആദരിച്ചു.

**ഉത്തരവാദ മാധ്യമപ്രവർത്തനത്തിന് ഐ.പി.സി.എൻ.എയുടെ കൂട്ടായ്മ: സുനിൽ ട്രൈസ്റ്റാർ**

വടക്കേ അമേരിക്കയിലെ മലയാളി മാധ്യമപ്രവർത്തകരെ, ഒരു പൊതുവേദിയിൽ അണിനിരത്തുകയും, മാധ്യമപ്രവർത്തനത്തിന്റെ പ്രൊഫഷണൽ നിലവാരം ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘടനയാണ് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക. ദേശീയതലത്തിലുള്ള സമ്മേളനങ്ങൾ, മാധ്യമസെമിനാറുകൾ, സംവാദങ്ങൾ, മാധ്യമപ്രവർത്തകരെ ആദരിക്കുന്ന പരിപാടികൾ, പുതിയ തലമുറയിലെ മാധ്യമപ്രവർത്തകർക്കുള്ള പ്രോത്സാഹനം, ഇന്ത്യയിലെയും അമേരിക്കയിലെയും മാധ്യമസാമൂഹിക രംഗങ്ങളിലെ പ്രമുഖരുമായുള്ള ആശയവിനിമയ വേദികൾ, എന്നീ പ്രവർത്തനങ്ങളിലൂടെ സംഘടന സജീവ



സാന്നിധ്യം പുലർത്തിവരുന്നു എന്ന് സുനിൽ ട്രൈസ്റ്റാർ പ്രസംഗത്തിൽ പറഞ്ഞു.

2027 ജനുവരി ആദ്യ ആഴ്ച, കേരളത്തിൽ നടക്കാനിരിക്കുന്ന മാധ്യമശ്രീ അവാർഡിന്റെ ഒരുക്കങ്ങൾക്കായി കേരളം സന്ദർശിക്കുന്ന നാഷണൽ പ്രസിഡന്റ് രാജു പള്ളത്ത്, നാഷണൽ സെക്രട്ടറി അനിൽ കുമാർ ആറന്മുള, നാഷണൽ ട്രഷറർ ജയൻ ജോസഫ് എന്നിവരെ പ്രതിനിധാനം ചെയ്ത്, ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡന്റ് ലിജോ ജോർജിനും ഭാരവാഹികൾക്കും അംഗങ്ങൾക്കും, ഭാവുകാശംസകൾ, സുനിൽ ട്രൈസ്റ്റാർ അറിയിച്ചു.

**ആരോഗ്യകരമായ ചർച്ചകൾക്ക് ഐ.പി.സി.എൻ.എ വേദിയൊരുക്കുന്നു**

മാധ്യമസ്വാതന്ത്ര്യം, മാധ്യമധാർമ്മികത, വാർത്തകളുടെ വിശ്വാസ്യത, പുതിയ സാങ്കേതികവിദ്യകൾ ഉയർത്തുന്ന അവസരങ്ങളും വെല്ലുവിളികളും തുടങ്ങിയ വിഷയങ്ങളിൽ ആരോഗ്യകരമായ ചർച്ചകൾക്ക് വേദിയൊരുക്കുന്നതിലും ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മറുനാടൻ മലയാളികളുടെ നേട്ടങ്ങളും പ്രശ്നങ്ങളും പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ എത്തിക്കുന്നതിലും, അമേരിക്കൻ മലയാളി സമൂഹത്തെയും കേരളത്തെയും ഇന്ത്യയെയും മാധ്യമങ്ങളിലൂടെ കൂടുതൽ അടുപ്പത്തോടെ ബന്ധിപ്പിക്കുന്നതിലും, ഉത്തരവാദിത്തമുള്ള മാധ്യമപ്രവർത്തകർക്ക്, നിർണായക പങ്കുണ്ടെന്ന സന്ദേശവും സമ്മേളനത്തിൽ ഉയർന്നു.

മാധ്യമരംഗം അതിവേഗം മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ പ്രിന്റ്, ടെലിവിഷൻ, ഓൺലൈൻ, ഡിജിറ്റൽ, സോഷ്യൽ മീഡിയ തുടങ്ങിയ വിവിധ മാധ്യമമേഖലകളിൽ പ്രവർത്തിക്കുന്നവരെ ഒരുമിപ്പിച്ച് അനുഭവങ്ങളും ആശയങ്ങളും പങ്കുവയ്ക്കുന്നതിനുള്ള വേദിയൊരുക്കുന്നതും ഐ.പി.സി.എൻ.എയുടെ പ്രവർത്തനങ്ങളുടെ പ്രധാന ഭാഗമാണ്.

ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്ററിന്റെ പുതിയ പ്രവർത്തനകാലയളവിൽ; മാധ്യമ സെമിനാറുകൾ, പ്രൊഫഷണൽ നെറ്റ്‌വർക്കിംഗ്, യുവ മാധ്യമപ്രവർത്തകർക്കുള്ള പ്രോത്സാഹന പദ്ധതികൾ, സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളിലെ സംവാദങ്ങൾ, വിവിധ സംഘടനകളുമായുള്ള സഹകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകാനുള്ള പ്രതിബദ്ധതയാണ് പ്രവർത്തനോദ്ഘാടന സമ്മേളനം മുന്നോട്ടുവച്ചത്.

**സംഗീതവിരുന്നും സംഘടനകളുടെ സാന്നിധ്യവും**

സാംസൺ (ഹെവൻലി ബീറ്റ്സ്), റേച്ചൽ ഉമ്മൻ, ജൈസൺ, സുമോദ് നെല്ലിക്കാല എന്നിവരുടെ ഗാനാലാപനങ്ങൾ ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്ററിന്റെ സമ്മേളനത്തിന് സംഗീത സാന്ദ്രതയേകി.

ഫൊക്കാന, ഫോമ, മാപ്പ്, പമ്പ, പിയാനോ, ഐ.ഒ.സി, ട്രൈസ്റ്റേറ്റ് കേരള ഫോറം, കോട്ടയം അസോസിയേഷൻ, ഓർമ ഇന്റർനാഷണൽ, പാത്ത് തുടങ്ങി നിരവധി സാമൂഹികസാംസ്കാരിക സംഘടനകളുടെ പ്രതിനിധികളും ചടങ്ങിൽ സന്നിഹിതരായി ആശംസകൾ നേർന്നു. വിവിധ സംഘടനകളുടെ സജീവ പങ്കാളിത്തം, ഫിലഡൽഫിയ മലയാളി സമൂഹവും മാധ്യമ



പ്രവർത്തകരും തമ്മിലുള്ള സഹകരണത്തിന്റെ, തീക്ഷ്ണമായ പ്രതിഫലനമായി.

മാധ്യമപ്രവർത്തനം വാർത്തകൾ കൈമാറുന്ന പ്രക്രിയ മാത്രമല്ലെന്നും, സമൂഹത്തിന്റെ നന്മയ്ക്കായി, സത്യത്തിന്റെ പക്ഷത്ത് നിലകൊള്ളുകയും, തെറ്റുകളെയും ജീർണ്ണതകളെയും ചോദ്യം ചെയ്യുകയും, ജനാധിപത്യ മൂല്യങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്ന, സാമൂഹിക ഉത്തരവാദിത്തമാണെന്ന സന്ദേശമാണ്, സമ്മേളനത്തിലുടനീളം പ്രതിധ്വനിച്ചത്.

മാധ്യമപ്രവർത്തകരെയും സാമൂഹികസാംസ്കാരിക സംഘടനകളെയും പുതുതലമുറയെയും ഒരേ വേദിയിൽ അണിനിരത്തിയ ഫിലഡൽഫിയ ചാപ്റ്ററിന്റെ പ്രവർത്തനോദ്ഘാടനം, ഐ.പി.സി.എൻ.എയുടെ പുതിയ പ്രവർത്തന കാലയളവിന് പ്രതീക്ഷാനിർഭരമായ തുടക്കമായി. ഫിലഡൽഫിയ മല്ലൂ കഫേ ഒരുക്കിയ സദ്യയോടെയാണ് ഐ.പി.സി.എൻ.എ ഫിലഡൽഫിയ ചാപ്റ്ററിന്റെ പ്രൗഢഗംഭീരമായ സമ്മേളനം സമാപിച്ചത്.







emalayalee.com
GREAT
NEWS!
Now You Can
INSTANTLY
PLACE YOUR ADVT or
BOOK YOUR AD SPACE
on eMalayalee.com
Shirley A. Abraham
Award Winning Real Estate Broker
Commercial • Investment • Advisory
Long Island | NYC | New York State
1-516-712-9262
Get local help with your Medicare questions.
It's time to take advantage.
Philipose Samuel
Just Click
eMalayalee.com/Advertise

# ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി ടൂർണമെന്റ്; കാനഡ ഗ്ലാഡിയേറ്റേഴ്സ് വീണ്ടും ചാമ്പ്യന്മാർ




അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പന്ത്രണ്ടാമത് അന്താരാഷ്ട്ര വടംവലി മത്സരം ആവേശകരമായി സമാപിച്ചപ്പോൾ, കഴിഞ്ഞ വർഷത്തെ ചാമ്പ്യന്മാരായ ഗ്ലാഡിയേറ്റേഴ്സ് കാനഡ വീണ്ടും കിരീടം നിലനിർത്തി. മാണി മെമ്മോറിയൽ റോളിംഗ് ട്രോഫിയും 11,111 $ സമ്മാനത്തുകയും സ്വന്തമാക്കിയാണ് ഗ്ലാഡിയേറ്റേഴ്സ് കാനഡ കിരീടം നിലനിർത്തിയത്. രണ്ടാം സമ്മാനമായ ജോയി മുണ്ടപ്ലാക്കിൽ മെമ്മോറിയൽ എവറോളിങ്ങ് ട്രോഫിയും 5555 $ ഉം കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീം സ്വന്തമാക്കി. വാശിയേറിയ ഫൈനൽ പോരാട്ടത്തിൽ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീമിനെ പരാജയപ്പെടുത്തിയാണ് ഗ്ലാഡിയേറ്റേഴ്സ് കാനഡ ചാമ്പ്യന്മാരായത്. സ്റ്റീഫൻ കിഴക്കേക്കുറ്റ് സ്പോൺസർ ചെയ്ത ഗ്ലാഡിയേറ്റേഴ്സ് കാനഡയും സിറിയക് കൂവക്കാട്ടിൽ സ്പോൺസർ ചെയ്ത കെബിസി കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലൂ ടീമും നോർത്ത് അമേരിക്കൻ വടംവലി വേദികളിലെ ശക്തരായ എതിരാളികളായി ഏറെ ശ്രദ്ധിക്കപ്പെട്ട ടീമുകളാണ്.

മൂന്നാം സ്ഥാനത്തിനായുള്ള പോരാട്ടത്തിൽ സ്റ്റീഫൻ കിഴക്കേകുറ്റിന്റെ ലണ്ടൻ ഗ്ലാഡിയേറ്റേഴ്സ്, മുത്ത് കല്ലിടുക്കിലിന്റെ കോട്ടയം ബ്രദേഴ്സ് കാനഡ ബ്ലാക്ക് ടീമിനെ പരാജയപ്പെടുത്തി മറിയം കിഴക്കേക്കുറ്റ് മെമ്മോറിയൽ എവറോളിങ്ങ് ട്രോഫിയും 3333$ ഉം




അടങ്ങുന്ന മൂന്നാം സ്ഥാനം കരസ്ഥമാക്കി.

കെബിസി ബ്ലാക്ക് മഹല്യാ ജ്വല്ലറി നൽകിയ ട്രോഫിയും 1111$ ഉം അടങ്ങുന്ന നാലാം സ്ഥാനത്തിന് അർഹരായി.

രാവിലെ 10 മണിക്ക് ആരംഭിച്ച മത്സരങ്ങൾ പാലക്കാട് എം.പി. വി. കെ. ശ്രീകണ്ഠൻ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം വരെ നീണ്ടുനിന്ന മത്സരങ്ങൾക്കൊപ്പം താളമേളങ്ങളും കലാപരിപാടികളും അരങ്ങേറിയതോടെ ബെൻസൺവില്ലിലെ Energy Sports Complex ആവേശത്തിന്റെ അലയൊലികൾക്ക് സാക്ഷിയായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 16 ടീമുകൾ ഇത്തവണത്തെ ടൂർണമെന്റിൽ മാറ്റുരച്ചു. പ്രമുഖ സിനിമാതാരം അൻസിബ ഹസൻ, പ്ലേബാക്ക് സിംഗർ സുധീഷ് ശശികുമാർ, ചിക്കാഗോയിലെ മറ്റു അനുഗ്രഹീത ഗായകരും കലാകാരന്മാരും അവതരിപ്പിച്ച കലാപരിപാടികൾ വടംവലി മാമാങ്കത്തിന് കൂടുതൽ നിറപ്പകിട്ടേകി.

5,000-ലധികം ആളുകൾ വടംവലി കാണാനായി Energy Sports Complexലേക്ക് ഒഴുകിയെത്തിയതായി സംഘാടകർ അറിയിച്ചു. ഇന്ത്യൻ-അമേരിക്കൻ രുചിവൈവിധ്യങ്ങളുമായി ഒരുക്കിയ ഫുഡ് ഫെസ്റ്റിവലും പരിപാടിയുടെ ഭാഗമായി നടന്നു. ജോസ് മണക്കാട്ടിന്റെ നേതൃത്വത്തിലാണ് ഫുഡ് ഫെസ്റ്റിവൽ ഏകോപിപ്പിച്ചത്.

റൊണാൾഡ് പൂക്കുമ്പേലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും സിറിയക് കൂവക്കാട്ടിലിന്റെ നേതൃത്വത്തിലുള്ള വടംവലി കമ്മിറ്റിയും ടൂർണമെന്റിന്റെ വിജയത്തിനായി പ്രവർത്തിച്ചു.കാനഡയിൽ നിന്നും നോർത്ത് അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും നൂറുകണക്കിന് വടംവലി പ്രേമികളാണ് ഈ കായികമാമാങ്കത്തിൽ പങ്കെടുക്കാനെത്തിയത്. KV TV വഴി ടൂർണമെന്റ് മുഴുവൻ തത്സമയം സംപ്രേഷണം ചെയ്ത



തോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പതിനായിരക്കണക്കിന് പ്രേക്ഷകർക്കും മത്സരത്തിന്റെ ആവേശത്തിന് സാക്ഷിയാകാൻ സാധിച്ചു.

ഇത്രയും വലിയൊരു ടൂർണമെന്റ് വിജയകരമായി സംഘടിപ്പിക്കാനായത് ചിക്കാഗോ സോഷ്യൽ ക്ലബ്ബിലെ അംഗങ്ങളുടെയും ക്ലബ്ബിനെ പിന്തുണയ്ക്കുന്ന എല്ലാ സ്പോൺസർമാരുടെയും അകമഴിഞ്ഞ സഹകരണത്തിന്റെ ഫലമാണെന്ന് ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ അറിയിച്ചു. മികച്ച ഏകോപനത്തോടെ പ്രവർത്തിച്ചന ടൂർണമെന്റ് കമ്മിറ്റികളെയും കമ്മിറ്റി അംഗങ്ങളെയും, സ്പോൺസർമാരെയും, വോളണ്ടിയർമാരെയും, പരിപാടിയെ പിന്തുണച്ച എല്ലാവരെയും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നതായി വടംവലി ടൂർണമെന്റ് ചെയർമാൻ സിറിയക് കൂവക്കാട്ടിൽ അറിയിച്ചു.

ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡന്റ് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പൂതേത് എന്നിവരുടെ നേതൃത്വത്തിലാണ് വടംവലി ടൂർണമെന്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.

ടൂർണമെന്റ് കമ്മിറ്റിക്ക് ശ്രീ സിറിയക്ക് കൂവക്കാട്ടിൽ ചെയർമാനായും, മാനി കരിക്കുളം വൈസ് ചെയർമാനായും, സ്റ്റീഫൻ കഴിക്കേക്കുറ്റ് ജനറൽ കൺവീനറായും, ബിനു കൈതക്കത്തോട്ടിൽ ഫിനാൻസ് ചെയർമാനായും നേതൃത്വം നൽകി.







MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# ഫൊക്കാന കേരളാ കൺവെൻഷൻ: ജോർജി വർഗീസ് ചെയർമാൻ, പോൾ കറുകപ്പിള്ളിൽ കോഓർഡിനേറ്റർ, കോശി കുരുവിള രജിസ്ട്രേഷൻ ചെയർ





2027 ജനുവരി 11, 12,13 തീയതികളിൽ കൊച്ചി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്ത് വെച്ച് നടക്കുന്ന കേരളാ കൺവെൻഷൻ ചെയർമാനായി മുൻ ഫൊക്കാന പ്രസിഡണ്ട് ജോർജി വർഗീസ് (ഫ്ലോറിഡ), കോർഡിനേറ്ററായി മുൻ ഫൊക്കാന പ്രസിഡണ്ട് പോൾ കറുകപ്പിള്ളിൽ, രെജിസ്ട്രേഷൻ കമ്മിറ്റി ചെയർമാനായി കോശി കുരുവിള എന്നിവരെ തിരഞ്ഞെടുത്തു. ഫ്രാൻസിസ് കിഴക്കേകൂറ്റ് റിസപ്ഷൻ കമ്മിറ്റി ചെയർമാൻ ആയും ഷീല ജോസഫ് വൈസ് ചെയർപേഴ്സണായും പ്രവർത്തിക്കും.

2020 -2022 കാലയളവിൽ ഫൊക്കാനയെ നയിച്ച പ്രസിഡന്റ് ആണ് ജോർജി വർഗ്ഗീസ്. ആമുഖം ആവശ്യമില്ലാത്ത അപൂർവം മലയാളി നേതാക്കന്മാരിൽ ശ്രദ്ധേയനാണ്. ഫൊക്കാന ടുഡേ എഡിറ്റർ, ട്രസ്റ്റി ബോർഡ് അംഗം, ട്രസ്റ്റി ബോർഡ് ചെയർമാൻ, ഇലക്ഷൻ കമ്മീഷൻ ചെയർമാൻ തുടങ്ങി നിരവധി പദവികൾ വഹിച്ച അദ്ദേഹം ഫൊക്കാനാ കേരളാ കൺവൻഷന്റെ ചെയർമാനാകുന്നത് കേരളാ കൺവർഷന്റെ സുഗമമായ നടത്തിപ്പിനും വിജയത്തിനും മുതൽക്കൂട്ടാവും.

ഫൊക്കാന കേരളാ കൺവൻഷൻ കോ ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട പോൾ കറുകപ്പിള്ളിൽ ഫൊക്കാനയുടെ മുൻ പ്രസിഡന്റ് ആണ്. രണ്ട് തവണ പ്രസിഡന്റായി തെരഞ്ഞെടുക്കപെട്ട അദ്ദേഹം.ചരിത്രപ്രസിദ്ധമായ ആൽബനി കൺവൻഷന്റെ സംഘാടകൻ എന്ന നിലയിൽ ശ്രദ്ധേയനായനാണ്. ഫൊക്കാന ട്രസ്റ്റി ബോർഡ് ചെയർമാൻ, കേരളാ കൺവൻഷൻ ചെയർമാൻ, എന്നീ നിലകളിലും പ്രവർത്തിച്ചു. ഫൊക്കാനയുടെ കേരളാ കൺവൻഷനുകളിലെ നിത്യ സാന്നിദ്ധ്യമാണ് അദ്ദേഹം.

രെജിസ്ട്രേഷൻ കമ്മിറ്റി ചെയർമാൻ ആയ കോശി കുരുവിള ഫൊക്കാനയുടെ വിവിധ തലങ്ങളിൽ സേവനം അനുഷ്ഠിച്ച മികച്ച സംഘാടകൻ ആണ്. കലഹാരി കൺവെൻഷൻ രെജിസ്ട്രേഷൻ, റീജിയണൽ വൈസ് പ്രസിഡന്റ് മുതലായ സ്തുത്യർഹമായ ചുമതലകൾ നിർവഹിച്ചു. ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക്

നൽകുന്ന അകമഴിഞ്ഞ സേവനം വിലമതിക്കേണ്ടതാണ്.

റിസപ്ഷൻ കമ്മിറ്റി ചെയർമാനായ ഫ്രാൻസിസ് കിഴക്കേകൂറ്റ് ചിക്കാഗോയിലെ പ്രമുഖ പൊതുപ്രവർത്തകനും, ഉഴവൂർ അലുമ്നി അസോസിയേഷൻ പ്രസിഡന്റുമായി പ്രവർത്തിച്ചിട്ടുണ്ട്. രണ്ടു വട്ടം ഫൊക്കാനയുടെ റീജിയണൽ വൈസ് പ്രസിഡണ്ട് ആയും സ്തുത്യർഹമായ സേവനം ചെയ്തു.

വൈസ് ചെയർപേഴ്സണായ ഷീല ജോസഫ്, ഫൊക്കാനയുടെ വിവിധ ചുമതലകൾ നിർവഹിച്ചു. മികച്ച സംഘാടകയും, മിഡ് ഹഡ്സൺ അസോസിയേഷന്റെ മുൻ പ്രസിഡന്റും, ഇപ്പോൾ ന്യൂജേഴ്‌സി നാമം അസോസിയേഷന്റെ കമ്മറ്റി മെമ്പറുമാണ്.

ജോർജി വര്ഗീസ്, പോൾ കറുകപ്പിള്ളിൽ, കോശി കുരുവിള, ഫ്രാൻസിസ് കിഴക്കേകൂറ്റ്, ഷീല ജോസഫ് എന്നിവരുടെ നീയമാനത്തോട് കൂടി ഫൊക്കാന കേരളാ കൺവൻഷൻ എന്തുകൊണ്ടും ശ്രദ്ധേയമായിരിക്കുമെന്ന് ഫൊക്കാനാ പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് , ജനറൽ സെക്രട്ടറി സന്തോഷ് നായർ ട്രഷറർ ആന്റോ വർക്കി എന്നിവർ അറിയിച്ചു










pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
MediaAppUSA
mediaappusa.com
For more info: 1-917-662-1122 | info@medialogistics.us